**അനുഭവം**

ജിജി ജോർജ്, ഹാഇൽ

# ത്രിത്വത്തിൽനിന്ന് ഏകത്വത്തിലേക്ക്

**എ**ന്നെ സത്യവിശ്വാസത്തിലേക്ക്- ഇസ്‌ലാമിലേക്ക് -നയിച്ച കാര്യങ്ങളാണ് ഞാൻ ഇവിടെ വിശദീകരിക്കാൻ ആഗ്രഹിക്കുന്നത്. എൻെറ പേര് ജിജി ജോർജ്. ഞാൻ റോമൻ കത്തോലിക്കാ വിശ്വാസം പിന്തുടർന്നുവരുന്ന ക്രൈസ്തവ വിശ്വാസത്തിലെ ഏറ്റവും പ്രധാനമായ ആരാധനക്രമത്തിലെ കുർബാനയിൽ അൾത്താരയിൽ പുരോഹിതൻെറ സഹായിയായി അഥവാ അൾതാര ബാലനായി സജീവമായി പങ്കെടുത്തിരുന്ന ഒരാളാണ്.

ഞായറാഴ്ചകളിലെ വേദപഠന ക്ലാസ്സിലെ ബൈബിൾ പഠിപ്പിക്കുന്ന അധ്യാപകന് ഞാൻ മിക്കവാറും ഒരു തലവേദനയും ബുദ്ധിമുട്ടുമായിരുന്നു. കാരണം ബൈബിളിലെ ഓരോ അധ്യായങ്ങളും പഠിപ്പിക്കുമ്പോൾ എനിക്ക് ഒത്തിരി സംശയങ്ങൾ തോന്നാറുണ്ട്. ആ സംശയങ്ങൾക്ക് തൃപ്തികരമായ മറുപടി തരാൻ വേദപാഠം പഠിപ്പിക്കുന്ന അധ്യാപകന് കഴിയാറില്ല. പരസ്പര പൂരകങ്ങളായി നിലനിൽക്കേണ്ടവയാണ് ബൈബിളും, അത് എഴുതുകയും പ്രചരിപ്പിക്കുകയും ചെയ്തവരുടെ പ്രവർത്തനങ്ങളും. പ്രത്യേകിച്ച് ബൈബിൾ പുതിയ നിയമം എഴുതുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത യേശുവിൻെറ ശിഷ്യന്മാരുടെയും ശിഷ്യന്മാരെന്ന് അവകാശപ്പെടുന്നവരുടെയും പ്രവർത്തനങ്ങൾ. പക്ഷേ, ബൈബിൾ പഴയ നിയമത്തിലും പുതിയ നിയമത്തിലും പറയുന്ന ദൈവ കൽപനകളും നിയമങ്ങളും അതിനെപ്പറ്റിയുള്ള യേശുവിൻെറ ശിഷ്യന്മാരെന്ന് അവകാശപ്പെടുന്നവരുടെ നിലപാടുകളും പരസ്പരം പൊരുത്തപ്പെടുന്നവയായിരുന്നില്ല.

> **ഞായറാഴ്ചകളിലെ വേദപഠന ക്ലാസ്സിലെ ബൈബിൾ പഠിപ്പിക്കുന്ന അധ്യാപകന് ഞാൻ മിക്കവാറും ഒരു തലവേദനയും ബുദ്ധിമുട്ടുമായിരുന്നു. കാരണം ബൈബിളിലെ ഓരോ അധ്യായങ്ങളും പഠിപ്പിക്കുമ്പോൾ എനിക്ക് ഒത്തിരി സംശയങ്ങൾ തോന്നാറുണ്ട്.**

ബൈബിൾ പുതിയ നിയമം യേശുവിൻെറ വചനങ്ങളും പ്രവൃത്തികളുമായിട്ടാണ് എഴുതപ്പെട്ടിരിക്കുന്നത് എന്നാണ് ക്രൈസ്തവസഭ പഠിപ്പിക്കുകയും ഞാനടക്കമുള്ളവർ വിശ്വസിച്ച് പോരുകയും ചെയ്തിരുന്നത്. എന്നാൽ യേശു പറയുകയും പഠിപ്പിക്കുകയും സ്വജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്ത പല കാര്യങ്ങളും നിഷേധിക്കുകയും തെറ്റാണെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു യേശുവിൻെറ ശിഷ്യന്മാരെന്ന് അവകാശപ്പെടുന്നവരും ക്രൈസ്തവ സഭയും. ഈ അന്തരം എങ്ങനെയുണ്ടായി? എന്താണ് അതിന് കാരണം? പരസ്പര പൂരകങ്ങളായി വരേണ്ടവയാണ് ഗുരുവിൻെറ അധ്യാപനങ്ങളും അവയെപ്പറ്റി പഠിക്കുകയും പഠിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യുന്ന ശിഷ്യന്മാരുടെയും പിൻഗാമികളുടെയും നിലപാടുകളും ഉദ്ബോധനങ്ങളും അവരുടെ പ്രവർത്തികളും. അതിൽ പരസ്പര വൈരുധ്യങ്ങൾ ഉണ്ടാവുക എന്നത് പാടില്ലാത്തതാണ്. വൈരുധ്യങ്ങൾ ഉണ്ടാവുക എന്നതിനുമപ്പുറം ശിഷ്യന്മാരും പിൻഗാമികളും എന്ന് സ്വയം അവകാശപ്പെടുന്നവരുടെ നിലപാടുകൾ ഗുരുവിൻെറ നിലപാടുകൾക്ക് കടകവിരുദ്ധമായി വരികയാണെങ്കിൽ ആ ഗ്രന്ഥങ്ങൾ എഴുതിയവർക്കോ പ്രചരിപ്പിച്ചവർക്കോ അത് വിശദീകരിച്ചവർക്കോ തീർച്ചയായും തെറ്റുപറ്റി എന്നുതന്നെയാണ്. അങ്ങനെയൊരു ചിന്തയുണ്ടായപ്പോൾ ബൈബിൾ പഴയനിയമവും പുതിയനിയമവും ഏറ്റവും ശ്രദ്ധയോടെ വായിച്ചുപഠിക്കാൻ ഞാൻ തീരുമാനിച്ചു.

അങ്ങനെ ശ്രദ്ധയോടെ വായിച്ചപ്പോൾ പഴയ നിയമത്തിൻെറ തുടർച്ചയും പൂർത്തീകരണവുമാണ് എന്ന് ക്രൈസ്തവസഭ പഠിപ്പിക്കുകയും വിശ്വസിപ്പിക്കുകയും ഞാനടക്കമുള്ള ഓരോ ക്രൈസ്തവനും പഠിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്ന പഴയനിയമവും പുതിയനിയമവും തമ്മിൽ പൊരുത്തപ്പെടുന്നില്ലായെന്നും പഴയ നിയമത്തിലെ ചില പ്രവചനങ്ങൾ പുതിയ നിയമത്തിൽ, അതായത് യേശുവിൽ നിറവേറിയെന്നുള്ള ക്രൈസ്തസഭയുടെ അവകാശവാദം തെറ്റാണെന്നും എനിക്ക് തോന്നി. കൂടുതൽ വിശദമായി പഠിച്ചപ്പോൾ കഴിഞ്ഞ 30 വർഷത്തോളം ശരിയെന്ന് ഞാൻ ധരിച്ചുവച്ചിരുന്നതൊക്കെയും ഞാനടക്കം ഓരോ ക്രൈസ്തവനെയും വിശ്വസിപ്പിച്ചിരുന്നതും വിശ്വസിച്ചിരുന്നതുമൊക്കെയും ശരിയായിരുന്നില്ലായെന്നും പുതിയനിയമത്തിൽ അധികവും ആരുടെയൊക്കെയോ താൽപര്യങ്ങൾക്കനുസൃതമായി വളച്ചൊടിക്കപ്പെട്ട അർധസത്യങ്ങളും ഭാവനകളും മാത്രമാണ് എന്നുമാണ് എനിക്ക്

മനസ്സിലാക്കാൻ കഴിഞ്ഞത്.

ഇത്രയുംകാലത്തെ എൻെറ വിശ്വാസം തെറ്റായിരുന്നുവെന്ന് എനിക്ക് ബോധ്യപ്പെട്ടുവെങ്കിൽ, അത് എങ്ങനെ ബോധ്യപ്പെട്ടുവെന്ന് വിശദീകരിക്കേണ്ട ധാർമിക കടമയും എനിക്കുണ്ട് എന്ന് ഞാൻ കരുതുന്നു. അതിനുള്ള ഒരു എളിയ ശ്രമം മാത്രമാണ് എൻെറ ഈ കുറിപ്പ്. ബൈബിൾ പണ്ഡിതന്മാരെന്ന് അവകാശപ്പെടുന്നവരോട് ഞാൻ ആദ്യമേ പറയുന്നു, ഞാൻ ഒരു ബൈബിൾ വിശാരദനല്ല. സാധാരണക്കാരിൽ സാധാരണക്കാരനായ ഒരുവനാണ്. എൻെറ സാധാരണ ബുദ്ധിയിൽ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് മാത്രമാണ് ഞാൻ ഇവിടെ കുറിക്കുന്നത്. എന്ന് കരുതി ഇതൊരു മുൻകൂർ ജാമ്യവുമല്ല. ഈ കുറിപ്പിൽ പരാമർശിക്കുന്ന കാര്യങ്ങൾക്ക് ബൈബിളിൽനിന്ന് തന്നെ ഉത്തരം പറയാൻ കഴിയും എന്ന ഉത്തമ ബോധ്യവും എനിക്കുണ്ട്.

ആദ്യമായി ക്രൈസ്തവതയിലെ വിശ്വാസവും ദൈവസങ്കൽപവും ഒന്ന് പരിശോധിക്കാം. പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം ഇവയടങ്ങുന്ന ഏകസത്തയാകുന്ന പരിശുദ്ധ ത്രിത്വം. സകലതിനെയും സൃഷ്ടിച്ച് പരിപാലിക്കുന്ന പിതാവായ ദൈവം. പാപം ചെയ്ത് നരകാവകാശിയായിത്തീർന്ന മനുഷ്യനെ ദൈവത്തിൻെറ രക്ഷാകര പദ്ധതിയിലൂടെ- കുരിശുമരണത്തിലൂടെ-വീണ്ടെടുത്ത് സ്വർഗാവകാശിയാക്കിയ പുത്രനായ ദൈവം (കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെടുകയും മൂന്നാംദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തവനാണ് പുത്രനായ ദൈവം). ആത്മാവിൽ സകലവും നവീകരിക്കുകയും സകലത്തെയും നയിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവായ ദൈവം. ഇതാണ് ക്രൈസ്തവവിശ്വാസത്തിലെ ദൈവസങ്കൽപം. പുത്രനായ ദൈവമാണ് ക്രൈസ്തവ സഭയുടെ ശിരസ്സ്. അതായത് ദൈവപുത്രനെന്ന് ക്രൈസ്തവർ അവകാശപ്പെടുന്ന യേശു എന്ന മിശിഹ. ഇനി ബൈബിൾ പഴയനിയമം പരിചയപ്പെടുത്തുകയും പഠിപ്പിക്കുകയും ചെയ്യുന്ന ദൈവസങ്കൽപം ഒന്ന് പരിശോധിക്കാം. പഴയനിയമം വഴി നമുക്ക് കണ്ടെത്താനാകുന്ന ദൈവം ഏകനായ ദൈവമാണ്. പങ്കുകാരെ ചേർക്കുന്നതിൽ അസഹിഷ്ണുവായ ദൈവമാണ്. ദൈവമായ കർത്താവ് എന്നാണ് പഴയ നിയമം ഉൽപത്തി പുസ്തകം മുതൽ ദൈവത്തെ പരിചയപ്പെടുത്തുന്നത്. അനാദിയായ ദൈവം, ജനിപ്പിക്കപ്പെടുകയോ ജനിക്കുകയോ ചെയ്യാത്ത ദൈവം. അവന് മരണവുമില്ല. എന്നേക്കും ജീവിക്കുന്ന സജീവ ദൈവം എന്നാണ് ബൈബിൾ ദൈവത്തെ പരിചയപ്പെടുത്തുന്നത്. ദൈവമായ കർത്താവ് എന്നാണ് അല്ലാതെ ത്രിത്വമായ ദൈവം എന്നോ ത്രിത്വമായ കർത്താവ് എന്നോ ബൈബിൾ പഴയനിയമത്തിലോ പുതിയ നിയമത്തിലോ പഠിപ്പിക്കുന്നില്ല. ഇനി അങ്ങനെ ആർക്കെങ്കിലും കണ്ടെത്താൻ കഴിയുന്നുവെങ്കിൽ അത് ബൈബിളിലെ ഏത് പുസ്തകത്തിൽ ഏത് അധ്യായത്തിൽ എന്ന് എനിക്കുംകൂടി കാണിച്ചുതരുവാൻ അഭ്യർഥിക്കുന്നു.

**ഇത്രയുംകാലത്തെ എൻെറ വിശ്വാസം തെറ്റായിരുന്നുവെന്ന് എനിക്ക്ബോധ്യപ്പെട്ടുവെങ്കിൽ, അത് എങ്ങനെ ബോധ്യപ്പെട്ടുവെന്ന് വിശദീകരിക്കേണ്ട ധാർമിക കടമയും എനിക്കുണ്ട് എന്ന് ഞാൻ കരുതുന്നു. അതിനുള്ള ഒരു എളിയ ശ്രമം മാത്രമാണ് എൻെറ ഈ കുറിപ്പ്.**

ബൈബിൾ പഴയനിയമത്തിലും പുതിയനിയമത്തിലും നമുക്ക് കണ്ടെത്താൻ കഴിയുന്ന ദൈവത്തിൻെറ അസ്തിത്വം അല്ലെങ്കിൽ ദൈവത്തെപ്പറ്റിയുള്ള വിവരണം -ദൈവത്തിൻെറ ദൗത്യവാഹകരായിവന്ന പ്രവാചകരുടെ സന്ദേശങ്ങളിലൂടെ നമുക്ക് വെളിവാക്കിതരപ്പെട്ട ദൈവം എന്താണ് എന്ന് നോക്കാം. പുറപ്പാടിൻെറ പുസ്തകം 20-ാം അധ്യായം ഒന്ന് മുതലുള്ള വാക്യങ്ങൾ- അടിമത്തത്തിൻെറ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്ത് കൊണ്ടുവന്ന ഞാനാണ് നിൻെറ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറെ ദേവന്മാർ നിനക്ക് ഉണ്ടാകരുത്. മുകളിൽ ആകാശത്തിലെയോ താഴെ ഭൂമിയിലെയോ ഭൂമിക്കടിയിലോ ജലത്തിലോ ഉള്ള ഒന്നിൻെറയും പ്രതിമയോ സ്വരൂപമോ നീ നിർമിക്കരുത്. അവയ്ക്ക് മുമ്പിൽ പ്രണമിക്കുകയോ അവയെ ആരാധിക്കുകയോ ചെയ്യരുത്. എന്തെന്നാൽ-ഞാൻ- നിൻെറ ദൈവമായ കർത്താവ് അസഹിഷ്ണുവായ ദൈവമാണ്. ഇവിടെ ദൈവം വ്യക്തമായി പറയുന്നു പങ്ക് ചേർക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുന്നതിൽ താൻ അസഹിഷ്ണുവായ ദൈവമായിരിക്കും എന്ന്. പങ്ക് ചേർക്കുന്നവരെ അവരുടെ മൂന്നും നാലും തലമുറവരെ ശിക്ഷിക്കുന്ന അസഹിഷ്ണുവായ ദൈവമായിരിക്കും എന്ന്.

ആകാശത്തിൻെറയും ഭൂമിയുടെയും ഉള്ളടക്കങ്ങളിൽ ഒന്നിൻെറയും പ്രതിമയോ സ്വരൂപമോ ഉണ്ടാക്കുകയും അവക്ക് പ്രണാമം അർപിക്കുകയും അവയെ ആരാധിക്കുകയും ചെയ്യരുത് എന്നു പറഞ്ഞ ദൈവം, ഏകനായ ദൈവം. ഇനി ഞാൻ കഴിഞ്ഞ 30 വർഷമായി വിശ്വസിച്ചുപോന്നിരുന്ന റോമൻ കത്തോലിക്കാ സഭയിലെ ദേവാലയങ്ങൾ കാണുക. ഓരോ ദേവാലയത്തിലും പ്രതിമകളും പ്രതിരൂപങ്ങളും നിറഞ്ഞിരിക്കുന്നു. കുരിശിൽ തറച്ച് മരിച്ച നിലയിൽ ഉള്ളത് യേശുവിൻെറ പ്രതിരൂപമാണ് പോലും. പിന്നെ യേശുവിൻെറ അമ്മയായ കന്യാമറിയത്തിൻെറ സ്വരൂപം. യേശുവിൻെറ വളർത്തുപിതാവായ യൗസേപിൻെറ സ്വരൂപം. യേശുവിൻെറയെന്ന പേരിൽ തന്നെ പലതരത്തിലും പ്രായത്തിലുമുള്ളവയുണ്ട്. ഉണ്ണിയേശു, ബാലനായ യേശു, ക്രൂശിതനായ യേശു, ഉയിർത്തെഴുന്നേറ്റ യേശു, രാജാവായ യേശു അങ്ങനെ പലതരത്തിലുള്ളവ. പിന്നെയുള്ളത് പുണ്യവാന്മാരുടെയും പുണ്യവതികളുടെയും പ്രതിമകളും സ്വരൂപങ്ങളുമാണ്. കുതിരപ്പുറത്തിരുന്ന് സർപ്പമെന്നോ വ്യാളിയെന്നോ പറയപ്പെടുന്ന രൂപത്തെ കുന്തംകൊണ്ട്കുത്തിക്കൊല്ലുന്ന പടയാളിയുടെ വേഷത്തിലുള്ള പ്രതിമ. ഇത് മിക്കവാറും എല്ലാ ദേവാലയങ്ങളിലും കാണുന്ന ഒന്നാണ്. സെൻറ് ജോർജ് എന്ന പേരിൽ അറിയപ്പെടുന്ന പുണ്യവാനാണത്രെ അത്. ഇവയൊക്കെയും വിഗ്രഹങ്ങൾ അല്ലെങ്കിൽ പിന്നെ എന്താണ്?

ബൈബിൾ ഒരു പ്രാവശ്യമെങ്കിലും വായിച്ചിട്ടുള്ള ഒരാളുടെ മനസ്സിൽ സ്വാഭാവികമായും ഉദിക്കുന്ന ചില സംശയങ്ങളുണ്ട്. വിഗ്രഹാരാധനയും പ്രതിമയോ സ്വരൂപങ്ങളോ ഉണ്ടാക്കുന്നതും അവയെ വണങ്ങുന്നതും ദൈവം കർശനമായി വില

ക്കിയ സംഗതിയാണ്. പിന്നെ എങ്ങനെ ക്രൈസ്തവ ദേവാലയങ്ങളിൽ ഇത്രയധികം വിഗ്രഹങ്ങൾ അല്ലെങ്കിൽ പ്രതിമകൾ അഥവാ സ്വരൂപങ്ങൾ വന്നുചേർന്നു? ആരുടെ അനുവാദത്താൽ? ഏത് നിയമത്തിന്റെ പിൻബലമാണതിനുള്ളത്? ഞാൻ ഏകദൈവമാണ് എന്നും ഞാനല്ലാതെ മറ്റൊരു ദേവനുണ്ടാകരുതെന്നും മറ്റൊന്നിനെയും പ്രണമിക്കുകയോ വണങ്ങുകയോ ചെയ്യരുത് എന്നും ആവർത്തിച്ച് മുന്നറിയിപ്പുകൾ തന്ന ദൈവത്തിന്റെ അസ്തിത്വത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിത്വസങ്കൽപം എങ്ങനെ വന്നുചേർന്നു? ത്രിയേകത്വം എന്നത് എങ്ങനെ വിശദീകരിച്ചാലും സാമാന്യബുദ്ധിക്ക് അംഗീകരിക്കാൻ കഴിയാത്ത ഒരു സംഗതിയാണ്. രൂപത്തിൽ മൂന്നായിരിക്കുകയും ഗുണത്തിൽ അഥവാ സത്തയിൽ ഒന്നായിരിക്കുകയും ചെയ്യുന്നു ത്രിയേകത്വം! ഞാൻ ഞങ്ങളുടെ ഇടവക വികാരിയായിരുന്ന വൈദികനോട് മുതൽ പ്രശസ്തരായ ധ്യാന ഗുരുക്കന്മാരോടുവരെ സംശയം ചോദിച്ചിട്ടുണ്ട്: ബൈബിൾ പറയുന്ന ദൈവം ഏകനാണ്. പങ്കുകാരെ ചേർക്കുന്നതിൽ അസഹിഷ്ണുവായ ദൈവമാണ്. ബൈബിൾ നിയമസംഹിതയായി സ്വീകരിച്ചിരിക്കുന്നുവെന്ന് അവകാശപ്പെടുന്ന ക്രൈസ്തസഭ പഠിപ്പിക്കുന്നു ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമാണ് എന്ന്. ഇതെങ്ങനെ ചേർന്നുപോകും? ഒരേസമയം മൂന്ന് ആളുകൾ അഥവാ അസ്തിത്വങ്ങൾ ഉണ്ടായിരിക്കുകയും അതേസമയം ഒന്നായിരിക്കുകയും ചെയ്യുന്ന ഈ ദൈവസങ്കൽപം ബൈബിളിൽ എവിടെയും പരാമർശിക്കപ്പെട്ടതല്ലല്ലോ.

**ഒരേസമയം മൂന്ന് ആളുകൾ അഥവാ അസ്തിത്വങ്ങൾ ഉണ്ടായിരിക്കുകയും അതേസമയം ഒന്നായിരിക്കുകയും ചെയ്യുന്ന ഈ ദൈവസങ്കൽപം ബൈബിളിൽ എവിടെയും പരാമർശിക്കപ്പെട്ടതല്ലല്ലോ.**

അതിന് എനിക്ക് കിട്ടിയ വിശദീകരണം ഏകദേശം ഇങ്ങനെയായിരുന്നു: ഒരേസമയം ഏകദൈവമായിരിക്കുകയും രൂപത്തിൽ ത്രിത്വമായിരിക്കുകയും സത്തയിലും ഗുണത്തിലും ഒന്നായിരിക്കുകയും ചെയ്യുന്ന ദൈവം എന്നു പറഞ്ഞാൽ- പിതാവായ ദൈവം- എല്ലാറ്റിനെയും സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവം. അതേ ദൈവം തന്നെ മനുഷ്യൻ പാപം ചെയ്ത് നരകാവകാശിയായി തീരുകയും സ്വർഗത്തിൽനിന്ന് പുറന്തള്ളപ്പെടുകയും ചെയ്തതിനാൽ മനുഷ്യനെ തന്റെ രക്ഷാകര പദ്ധതിയിലൂടെ വീണ്ടെടുത്ത് സ്വർഗപ്രാപ്തനാക്കുവാൻ മനുഷ്യരൂപം ധരിച്ച് പുത്രനായി ഭൂമിയിൽ ജനിച്ചു. അതാണ് ത്രിയേകത്വത്തിലെ രണ്ടാമത്തെ സത്തയാകുന്ന പുത്രനായ ദൈവം. ത്രിയേക ത്രിത്വത്തിലെ മൂന്നാമത്തെ സത്ത പരിശുദ്ധാത്മാവായ ദൈവം- സകലതിനെയും നയിക്കുന്ന സൃഷ്ടികളുടെ ആത്മാവിനെ നയിക്കുന്ന ദൈവത്തിന്റെ ആത്മാവ്. ഈ വിശദീകരണം കേട്ടുകഴിഞ്ഞപ്പോൾ എന്റെ സംശയങ്ങൾ തീരുകയല്ല, വർധിക്കുകയാണ് ചെയ്തത്. കാരണം ബൈബിൾ പരാമർശിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ദൈവം അനാദിയായ ദൈവമാണ്. അവന് തുടക്കമില്ല. അതിനാൽ തന്നെ ഒടുക്കവുമില്ല. ദൈവം എന്തിൽനിന്നെങ്കിലും സൃഷ്ടിക്കപ്പെട്ടവനോ ജനിച്ചവനോ ആരാലും ജനിപ്പിക്കപ്പെട്ടവനോ അല്ല. ബൈബിൾ പരിചയപ്പെടുത്തുന്ന ദൈവം അനാദിയും അരൂപിയുമാണ്.

എന്നാൽ ക്രൈസ്തവ സഭയുടെ ദൈവസങ്കൽപത്തിൽ പറയുന്ന ത്രിത്വം എന്ന ത്രിയേകം അരൂപിയല്ല- രൂപിയാണ്. ത്രിത്വത്തിലെ രണ്ടാമത്തെ സത്ത- പുത്രനായ ദൈവം- ക്രൈസ്തവസഭയുടെ വിശ്വാസപ്രകാരം ജനിപ്പിക്കപ്പെടുകയും ജനിക്കുകയും മരിക്കുകയും ചെയ്തവനാണ്. ആദിയും അന്ത്യവുമുണ്ടായിരുന്നവൻ; മനുഷ്യന്റെ രൂപം ധരിച്ച് ജനിച്ചവൻ. ത്രിത്വത്തിലെ മൂന്നാമത്തെ സത്തയും- അതായത് പരിശുദ്ധാത്മാവ്- രൂപം ധരിച്ചവനാണ് എന്ന് ക്രൈസ്തവസഭ പഠിപ്പിക്കുന്നു; യേശുവിന്റെമേൽ പ്രാവിന്റെ രൂപത്തിലും യേശുവിന്റെ ശിഷ്യന്മാരുടെ മേൽ തീനാവുകളുടെ രൂപത്തിലും! ഇതൊക്കെയും കൂടി ഒരിക്കലും ചേർന്ന് പോകുന്നതല്ല. അനാദിയും അരൂപിയുമായ ഏകദൈവത്തെ വിശദകരിച്ചതിൽ, മനസ്സിലാക്കിയതിൽ ക്രൈസ്തവ സഭക്ക് തീർച്ചയായും പിഴവ് പറ്റിയിട്ടുണ്ട്. പിതാവായ ദൈവത്തിന്റെ രൂപവും ഭാവവും എന്ത് എന്നു പറയാത്ത ക്രൈസ്തവസഭ പുത്രനായ ദൈവത്തിന്റെയും പരിശുദ്ധാത്മാവായ ദൈവത്തിന്റെയും രൂപങ്ങൾ പരിചയപ്പെടുത്തുന്നു. പുത്രൻ എന്ന് പറയുന്നത് തന്നെ ജനിപ്പിക്കപ്പെട്ടവനും ജനിച്ചവനുമാണല്ലോ. അപ്പോൾ ദൈവിക നിർവചനത്തിൽ ഒരിക്കലും ഉൾപ്പെടുത്തുവാൻ കഴിയാത്ത കാര്യമാണത്. അത് ബൈബിൾ പരിചയപ്പെടുത്തുന്ന ദൈവത്തിന്റെ അസ്തിത്വത്തിന് നിരക്കുന്നതല്ല. ത്രിത്വത്തിലെ മൂന്നാമത്തെ സത്തയാണ് പരിശുദ്ധാത്മാവ് എന്ന് കത്തോലിക്കാ സഭ പറയുന്നത് യേശു സ്നാപക യോഹന്നാന്റെ പക്കൽനിന്നും ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ സ്വർഗം തുറക്കപ്പെടുകയും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ യേശുവിന്റെമേൽ വരികയും ചെയ്തുവെന്ന ബൈബിളിലെ പരാമർശത്തിന്റെ ചുവടുപിടിച്ചാണ്. ദൈവം തന്റെ മാലാഖയെ താൻ പ്രവചകനായി അല്ലെങ്കിൽ അഭിഷിക്തനായി തെരഞ്ഞെടുത്ത യേശുവിന്റെ മേൽ അയച്ചതാണ്- പ്രാവിന്റെ രൂപത്തിൽ യേശു ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ വന്നുവെന്ന് ക്രൈസ്തവസഭ പഠിപ്പിക്കുന്ന പരിശുദ്ധാത്മാവായ ദൈവം. അതിന് മുമ്പ് ബൈബിൾ പഴയ നിയമത്തിലോ പുതിയ നിയമത്തിലോ പരിശുദ്ധാത്മാവിന്റെ നാമം പരാമർശിക്കുകയോ രൂപം വിവരിക്കുകയോ ചെയ്യുന്നില്ല. ഇതെല്ലാം ചേർന്നാൽ ചിന്തിക്കുന്ന ഒരാൾക്ക് തീർച്ചയായും ക്രൈസ്തവസഭ പഠിപ്പിക്കുന്നതിലും ഒത്തിരി വ്യത്യസ്തമാണ് അല്ലെങ്കിൽ അകന്നതാണ് യഥാർഥ ഏകദൈവവും അവന്റെ അസ്തിത്വവും എന്ന് തോന്നിയാൽ അത് തെറ്റാവുകയില്ല.

ക്രൈസ്തവസഭ പഠിപ്പിക്കുന്ന ദൈവസങ്കൽപത്തിന് ബൈബിൾ പരാമർശിക്കുന്ന ദൈവത്തിന്റെ അസ്തിത്വത്തേക്കാൾ അധികം സാദൃശ്യം ഹൈന്ദവ ദൈവ സങ്കൽപത്തോടാണ്. ക്രൈസ്തവ സഭയുടെ ദൈവസങ്കൽപം ഏകമായ ത്രിത്വമാണ്. അതായത് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. ഹൈന്ദവ ദൈവസങ്കൽപത്തിലും ദൈ

വത്തിന്റെ അസ്തിത്വം ത്രിത്വം അല്ലെങ്കിൽ ത്രിമൂർത്തികളാണ്. ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ. രണ്ട് വിശ്വാസങ്ങളും വിവരിക്കുന്ന ദൈവധർമങ്ങളും ഏകദേശം പൊരുത്തപ്പെടുന്നു. ത്രിമൂർത്തികളിലെ പ്രധാനി– ബ്രഹ്മാവ് സൃഷ്ടിക്കുന്നു. രണ്ടാമത്തെ മൂർത്തി– വിഷ്ണു പരിപാലിക്കുന്നു. മൂന്നാമത്തെ മൂർത്തിയായ മഹേശ്വരൻ സംഹരിക്കുന്നു. ഈ ത്രിമൂർത്തി ധർമങ്ങൾ ക്രൈസ്തവ സഭയുടെ ത്രിയേക ത്രിത്വത്തിലെ ആളത്വങ്ങളുടെ ധർമങ്ങളുമായി ഏറെക്കുറെ യോജിക്കുന്നവയണ്. പിതാവ് സൃഷ്ടിക്കുന്നു, പുത്രൻ രക്ഷിക്കുന്നു, പരിശുദ്ധാത്മാവ് നയിക്കുന്നു.

ഇനി വിഗ്രഹാരാധനയുടെ കാര്യമെടുക്കാം. അതിനെപ്പറ്റി ചോദിച്ചാൽ ഒരു ക്രൈസ്തവനും ക്രൈസ്തവ പുരോഹിതന്മാരും പള്ളികളിലുള്ളത് വിഗ്രഹങ്ങളാണ് എന്നോ അവയെ ആരും ആരാധിക്കുന്നുവെന്നോ സമ്മതിക്കുകയില്ല. ആദ്യമായി ചോദിക്കട്ടെ, എന്തിനാണ് വിഗ്രഹങ്ങൾ? എന്റെ ഈ ചോദ്യത്തിന് ഉത്തരം പറഞ്ഞത് ഒരു പ്രശസ്തനായ ധ്യാനഗുരുവാണ്. അദ്ദേഹം പറഞ്ഞതിന്റെ ചുരുക്കമിതാണ്: 'നേരിൽകാണുന്ന ഒരു സംഗതിയെ അല്ലെങ്കിൽ കാര്യത്തെ വിശ്വസിക്കുവാനും അതിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനുമുള്ള താൽപര്യം മനുഷ്യന് കൂടുതലായുണ്ട്. താൻ വിശ്വസിക്കുന്ന ദൈവം അരൂപിയാണ് എന്നതിനെക്കാൾ അവന് കൂടുതൽ വിശ്വാസവും ഭക്തിയും ഉണ്ടാവുക താൻ വിശ്വസിക്കുന്ന ദൈവത്തിന്റെ പ്രതിരൂപം കാണാനായാലാണ്. അങ്ങനെ മനുഷ്യന്റെ വിശ്വാസത്തെ ഉദ്ദീപിപ്പിക്കുവാനാണ് പള്ളിയിൽ പ്രതിമകൾവെച്ചിരിക്കുന്നത്. അവ വിഗ്രഹങ്ങളോ പ്രതിരൂപങ്ങളോ അല്ല. നമ്മൾ ആരാധിക്കുമ്പോൾ ആ പ്രതിമകളെയല്ല, അവയുൾക്കൊള്ളുന്ന സത്തയെ അല്ലെങ്കിൽ ചൈതന്യത്തെയാണ് ആരാധിക്കുന്നത്. അതൊരിക്കലും വിഗ്രഹാരാധനയാവുകയുമില്ല'. ഇതിന് ബൈബിളിൽനിന്ന് തെളിവുദ്ധരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞതുമില്ല.

**'ദൃഷ്ടിഗോചരമായ നന്മകളിൽനിന്ന് ഉൺമയായവനെ തിരിച്ചറിയാൻ അവർക്കു കഴിഞ്ഞില്ല. ശിൽപങ്ങളിൽ ശ്രദ്ധ പതിച്ച അവർ ശിൽപിയെ തിരിച്ചറിഞ്ഞില്ല'.**

സകലതിന്റെയും സ്രഷ്ടാവായ ദൈവത്തിന് അവന്റെ സൃഷ്ടികളിൽ ഏറ്റവും ഉത്തമ സൃഷ്ടിയായ മനുഷ്യൻ അർപിക്കുന്ന കൃതജ്ഞത, നന്ദിപ്രകാശനം, ബഹുമാനം, വിധേയത്വം, പ്രണാമം– ഇതാണ് ആരാധന. പള്ളികളിലുള്ള ഓരോ പ്രതിമകൾക്ക് മുമ്പിലും ഓരോ ക്രൈസ്തവനും ചെയ്യുന്നത് ഇതൊക്കെത്തന്നെയാണ്. ഓരോ പ്രതിമയുടെയും മുമ്പിൽ മുട്ടുകുത്തുന്നു. തലകുനിച്ച് വണങ്ങുന്നു. ഭക്തിപുരസ്സരം തൊട്ട് തടവുന്നു. ദുഃഖവെള്ളിയാഴ്ചകളിൽ ക്രൂശിതരൂപത്തിലുള്ള പ്രതിമ, അല്ലെങ്കിൽ പ്രതിരൂപം മുത്തുന്നു. ദുഃഖവെള്ളിയാഴ്ച കുരിശിൽ മരിച്ച യേശുവിന്റെ പ്രതിരൂപമാണ് ആ പ്രതിമയെന്ന് ക്രൈസ്തവർ വിശ്വസിക്കുന്നു. ഇതൊക്കെയും വിഗ്രഹാരാധനയല്ലെങ്കിൽ പിന്നെയെന്താണ്? ക്രൈസ്തവർ തന്നെ, വിഗ്രഹാരാധകരാണ് എന്ന് കുറ്റപ്പെടുത്തുന്ന ഹൈന്ദവർ അവരുടെ ഉത്സവങ്ങളിൽ വിഗ്രഹങ്ങൾ അലങ്കരിച്ച് രഥത്തിലോ തോളിലോ ചുമന്നുകൊണ്ട് നഗരപ്രദക്ഷിണം ചെയ്യുന്നു. അത് മുഖാന്തരം തങ്ങളും തങ്ങളുടെ നാടും നഗരവും ഐശ്വര്യപൂർണമായിത്തീരും എന്ന് അവർ വിശ്വസിക്കുന്നു. തങ്ങളുടെ പെരുന്നാളുകളിൽ ക്രൈസ്തവരും പള്ളികളിലുള്ള വിഗ്രഹങ്ങൾ അഥവാ സ്വരൂപങ്ങൾ അലങ്കരിച്ച് ചെണ്ടയും ബാൻറ്മേളവും കരിമരുന്ന് പ്രയോഗവുമൊക്കെയായി താളമേളങ്ങളോടെ നഗരപ്രദക്ഷിണം നടത്തുന്നു. ഇത് രണ്ടും തമ്മിൽ എന്താണ് വ്യത്യാസം? ഒന്ന് വിഗ്രഹാരാധനയും മറ്റൊന്ന് ബഹുമാനവുമാണ് എന്ന് ആർക്കെങ്കിൽ പറയാനാകുമോ?

ആകാശത്തിലും ഭൂമിയിലും ഉള്ള ഒന്നിന്റെയും പ്രതിമയോ സ്വരൂപമോ ഉണ്ടാക്കുകയോ അതിനെ പ്രണമിക്കുകയോ ആരാധിക്കുകയോ ചെയ്യരുത് എന്ന ഏകദൈവത്തിന്റെ– പങ്കുകാരെ ചേർക്കുന്നതിൽ അസഹിഷ്ണുവായ ദൈവമാണ് എന്ന് ആവർത്തിച്ച് മുന്നറിയിപ്പു തന്നിട്ടുള്ള ഏകദൈവത്തിന്റെ –കൽപനകളുടെ ലംഘനംതന്നെയാണ് ഇതൊക്കെയും. വിഗ്രഹാരാധകർ ഒരിക്കലും ദൈവജനമായിരിക്കുകയോ ദൈവ മാർഗത്തിലായിരിക്കുകയോ ഇല്ലായെന്ന് ബൈബിൾ ആവർത്തിച്ച് പറയുന്നു. കാണുന്നത് വിശ്വസിക്കുന്നതിനും അതുവഴി കൂടുതൽ ഭക്തിയുണ്ടാകുന്നതിനും ഉപകരിക്കും എന്നാണെങ്കിൽ അതിനെപ്പറ്റി ബൈബിൾ പറയുന്നത് തന്നെ കാണുക. ജ്ഞാനത്തിന്റെ പുസ്തകം 13–ാം അധ്യായം ഒന്ന് മുതലുള്ള വാക്യങ്ങൾ ഇങ്ങനെ പറയുന്നു: 'ദൃഷ്ടിഗോചരമായ നന്മകളിൽ നിന്ന് ഉൺമയായവനെ തിരിച്ചറിയാൻ അവർക്കു കഴിഞ്ഞില്ല. ശിൽപങ്ങളിൽ ശ്രദ്ധ പതിച്ച അവർ ശിൽപിയെ തിരിച്ചറിഞ്ഞില്ല'. തുടർന്ന് ആറു മുതൽ ഒമ്പതുവരെയുള്ള വാകങ്ങൾ പറയുന്നു: 'ദൈവത്തെ അന്വേഷിക്കുകയും കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുമ്പോഴാകാം അവർ വ്യതിചലിക്കുന്നത്...... ദൃശ്യവസ്തുക്കൾ മനോഹരമാകയാൽ അവർ അതിൽ പ്രത്യാശയർപിക്കുന്നു. എങ്കിലും അവർക്ക് ന്യായീകരണമില്ല. ലോകത്തെ ആരാഞ്ഞ് ഇത്രയുമറിയാൻ കഴിഞ്ഞെങ്കിൽ ഇവരുടെയെല്ലാം ഉടയവനെ കണ്ടെത്താൻ വൈകുന്നത് എന്തുകൊണ്ട്? ജ്ഞാനത്തിന്റെ പുസ്തകംതന്നെ 14–ാം അധ്യായം 12 മുതലുള്ള വാക്യങ്ങൾ കാണുക: 'വിഗ്രഹ നിർമാണ ചിന്തയാണ് അവിശ്വസ്തതയുടെ ആരംഭം. അവയുടെ (വിഗ്രഹങ്ങളുടെ) കണ്ടുപിടിത്തമാണ് ജീവിതത്തെ ദുഷിപ്പിച്ചത്. അവ ആദിമുതൽ ഉള്ളതോ അവസാനംവരെ നിലനിൽക്കുന്നതോ അല്ല'. അടുത്ത അധ്യായങ്ങളും ഇതേ വിഷയം തന്നെയാണ് പ്രതിപാദിക്കുന്നത്. ഇങ്ങനെ ബൈബിൾ പഴയ നിയമം ശ്രദ്ധയോടെ ഒരുതവണ വായിച്ചാൽ ഇന്ന് ക്രൈസ്തവസഭ തുടരുന്നത് വിഗ്രഹാരാധനയും അത് സർവശക്തനായ ഏകദൈവം ശക്തമായി വിലക്കിയിട്ടുള്ളതുമാണ് എന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയും.

യേശു ദൈവപുത്രനാണ് എന്നും ലോകത്തിന്റെ മുഴുവൻ രക്ഷക്കായി കുരിശിൽ മരിച്ചുവെന്നും മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റുവെന്നും സ്വർഗാരോഹണം ചെയ്തുവെന്നും സകല മനുഷ്യരെയും വിധിക്കു

വാനായി യേശു വീണ്ടും വരുമെന്നും ക്രൈസ്തവസഭ പഠിപ്പിക്കുന്നു. അതിൽ എത്രമാത്രം സത്യാവസ്ഥയുണ്ട് എന്ന്, യേശുവിൻെറ പ്രവർത്തനങ്ങളെയും പ്രബോധനങ്ങളെയും അടിസ്ഥാനപ്പെടുത്തി രചിച്ചതാണ് എന്ന് ക്രൈസ്തവസഭതന്നെ പഠിപ്പിക്കുന്ന ബൈബിൾ പുതിയനിയമത്തിൽനിന്നുതന്നെ അന്വേഷിക്കാം.

മത്തായിയുടെ സുവിശേഷം 15-ാം അധ്യായം 24-ാം വാക്യം 'ഇസ്രയേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെക്ക് മാത്രമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്' എന്ന് യേശു പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതേകാര്യംതന്നെ മർക്കോസിൻെറ സുവിശേഷം 7-ാം അധ്യായം 27-ാം വാക്യം മറ്റൊരു വിധത്തിൽ പറയുന്നു: 'ആദ്യം മക്കൾ ഭക്ഷിച്ച് തൃപ്തരാകട്ടെ. മക്കളുടെ അപ്പം എടുത്ത് ആരും നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കാറില്ലല്ലോ'. ഈ രണ്ട് സുവിശേഷ ഭാഗങ്ങളും പരാമർശിക്കുന്നത് ഒരേ കാര്യമാണ് എന്നും മർക്കോസൻെറ സുവിശേഷത്തിൽ മക്കൾ എന്ന് പരാമർശിക്കുന്നത് ഇസ്രായേൽ ജനത്തെയാണ് എന്നും പ്രസ്തുത ഭാഗം വായിക്കുന്ന ആർക്കും മനസ്സിലാകും. ഇത് വായിക്കുന്ന ആർക്കും മനസ്സിലാവുക യേശു ലോകത്തിന് മുഴുവനായുള്ള സന്ദേശവുമായല്ല വന്നത് എന്നും, പ്രത്യുത ഇസ്രായേൽ ജനത്തിന് മാത്രമായുള്ള സന്ദേശവുമായാണ് വന്നതെന്നുമാണ്. യേശു ദൈവപുത്രനാണ് എന്ന ക്രൈസ്തവസഭയുടെ അവകാശവാദം പരിശോധിച്ചാൽ എന്താണ് നമുക്ക് കണ്ടെത്താൻ കഴിയുക? ദൈവത്താൽ, കന്യകയായ മറിയത്തിൽ നിക്ഷേപിക്കപ്പെട്ട വചനമാണ് യേശു എന്നാണ് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതിൽനിന്നുതന്നെ മനസ്സിലാക്കാനാവുക യേശു ദൈവത്തിൻെറ പുത്രനല്ല, സൃഷ്ടിയാണ് എന്നാണ്. ദൈവം ഒരിക്കലും ജനിക്കുകയോ ജനിപ്പിക്കപ്പെടുകയോ ചെയ്യുന്നില്ല; മാതാവിൻെറ ഉദരത്തിൽ ഉരുവാക്കപ്പെട്ടതിനാൽ തന്നെ യേശു ദൈവത്തിൻെറ സൃഷ്ടിയാണ്. ആദമിനെ ദൈവം മാതാവും പിതാവുമില്ലാതെ കളിമണ്ണിൽനിന്നും സൃഷ്ടിച്ചുവെങ്കിൽ യേശുവിനെ മാതാവിൻെറ ഉദരത്തിലാണ് സൃഷ്ടിച്ചത്. മത്തായിയുടെ സുവിശേഷം തുടങ്ങുന്നതുതന്നെ യേശുവിൻെറ വംശാവലിയുടെ ചരിത്രവുമായാണ്. യേശു ദൈവത്തിൻെറ പുത്രനാണെങ്കിൽ അനാദിയായ ദൈവത്തിൻെറ വംശാവലി എങ്ങനെയെഴുതും. യോഹന്നാൻെറ സുവിശേഷം തുടങ്ങുന്നത് വചനം മനുഷ്യനായി എന്നാണ്. യേശു ദൈവ പുത്രനായിരുന്നുവെങ്കിൽ വചനം ദൈവപുത്രനായി എന്നായിരിക്കും യോഹന്നാൻ എഴുതുക. ഇതിനെതിരായ പരാമർശങ്ങളും പ്രസ്തുത സുവിശേഷങ്ങളിലുണ്ട്. മനസ്സിരുത്തി വായിച്ച് വരുന്ന ഒരാൾക്ക് അതൊക്കെയും പരസ്പര പൂരകങ്ങളായല്ല, പരസ്പര വിരുദ്ധങ്ങളായാണ് അനുഭവപ്പെടുക.

**ദൈവത്താൽ, കന്യകയായ മറിയത്തിൽ നിക്ഷേപിക്കപ്പെട്ട വചനമാണ് യേശു എന്നാണ് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതിൽനിന്നുതന്നെ മനസ്സിലാക്കാനാവുക യേശു ദൈവത്തിൻെറ പുത്രനല്ല, സൃഷ്ടിയാണ് എന്നാണ്.**

മത്തായിയുടെ സുവിശേഷം 10-ാം അധ്യായം 40 മുതലുള്ള വാക്യങ്ങൾ കാണുക: 'നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു. പ്രവാചകനെ പ്രവാചകനായി സ്വീകരിക്കുന്നവന് പ്രവാചകൻെറ പ്രതിഫലവും നീതിമാനെ നീതിമാനായി സ്വീകരിക്കുന്നവന് നീതിമാൻെറ പ്രതിഫലവും ലഭിക്കുന്നു'. മർക്കോസിൻെറ സുവിശേഷം 9-ാം അധ്യായം 37-ാം വാക്യം കാണുക: 'ഇതുപോലുള്ള ഒരു ശിശുവിനെ എൻെറ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെയും സ്വീകരിക്കുന്നു'. താൻ അയക്കപ്പെട്ടവനാണ്- പ്രവാചകനാണ് എന്ന് ഇവിടെ യേശു അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. യേശു, താൻ പ്രവാചകനാണ് എന്നു പറയുന്നത് ബൈബിളിൽതന്നെ കണ്ടെത്താനാകും. മത്തായിയുടെ സുവിശേഷം 13-ാം അധ്യായം 57-ാം വാക്യം: 'പ്രവാചകൻ സ്വദേശത്തും സ്വഭവനത്തിലുമല്ലാതെ മറ്റെങ്ങും അവമതിക്കപ്പെടുന്നില്ല'. ഇതേ കാര്യംതന്നെ മറ്റു സുവിശേഷകന്മാരും രേഖപ്പെടുത്തിയിരിക്കുന്നു. മാർക്കോസിൻെറ സുവിശേഷം 6-ാം അധ്യായം 1 മുതൽ 6 വരെയുള്ള വാക്യങ്ങൾ, ലൂക്കോയുടെ സുവിശേഷം 4-ാം അധ്യായം 16 മുതൽ 30 വരെയുള്ള വാക്യങ്ങൾ നോക്കുക. നാല് സുവിശേഷകന്മാരിൽ ഇക്കാര്യം പരാമർശിക്കാത്തത് യോഹന്നാൻ മാത്രമാണ്. മേൽപറഞ്ഞ സുവിശേഷഭാഗങ്ങളിൽ എവിടെയും താൻ ദൈവപുത്രനാണ് എന്ന് യേശു അവകാശപ്പെടുന്നില്ല. പ്രത്യുത, പ്രവാചകനാണ് എന്ന് വ്യക്തമായി പറയുകയും ചെയ്യുന്നു.

മത്തായിയുടെ സുവിശേഷം തന്നെ യേശുവിനെപ്പറ്റി അന്നുള്ള ജനങ്ങളുടെ കാഴ്ചപ്പാടിനെപ്പറ്റി പരാമർശിക്കുന്നത് കാണുക. മത്തായിയുടെ സുവിശേഷം 21-ാം അധ്യായം 11-ാം വാക്യം: 'ഇവൻ ഗലീലിയായിൽനിന്നുള്ള പ്രവാചകനായ യേശുവാണ്'. വീണ്ടും അതേ അധ്യായം 46-ാം വാക്യം പറയുന്നതിങ്ങനെ:'അവർ അവനെ പിടികൂടുവാൻ ശ്രമിച്ചെങ്കിലും ജനക്കൂട്ടത്തെ ഭയപ്പെട്ടു. കാരണം ജനങ്ങൾ അവനെ പ്രവാചകനായി പരിഗണിച്ചിരുന്നു'. ഇവിടെയും ദൈവപുത്രനായ യേശുവിനെയല്ല പ്രവാചകനായ യേശുവിനെയാണ് നമുക്ക് കണ്ടെത്താനാവുക. അതിനാൽ തന്നെ ഒട്ടുവളരെ വളച്ചൊടിക്കലുകൾക്ക് വിധേയമായിട്ടും യേശു ദൈവത്തിൻെറ പുത്രനല്ല, പ്രത്യുത അവിടുത്തെ സൃഷ്ടിയും പ്രവാചകനുമാണ് എന്ന് ബൈബിൾ പുതിയനിയമം ശ്രദ്ധാപൂർവം വായിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടുന്നതാണ്. ക്രൈസ്തവസഭ യേശുവിൻെറമേൽ ദൈവപുത്രസ്ഥാനം കെട്ടിവെക്കാൻ ശ്രമിക്കുന്നുവെന്നാണ് ഇതിനർഥം. വെറുതെ ആരോപണം ഉന്നയിക്കുവാൻ ആർക്കും കഴിയും. ഉന്നയിക്കുന്ന ആരോപണം തെളിയിക്കുക എന്നതും ആരോപണം ഉന്നയിക്കുന്നവൻെറതന്നെ ബാധ്യതയാണ്. ബൈബിളിലെ പരാമർശങ്ങളിൽ ഒരേ സുവിശേഷകൻെറ തന്നെ രചനയെന്ന് അവകാശപ്പെടുന്ന അടുത്തടുത്ത അധ്യായങ്ങളിൽതന്നെ വൈരുധ്യങ്ങൾ കാണാനാകും. മത്തായിയുടെ സുവിശേഷം 12-ാം അധ്യായം 16 മുതലുള്ള വാക്യങ്ങൾ: 'അനേകം പേർ അവനെ അനുഗമിച്ചു. അവരെയെല്ലാം അവൻ സു

ഖപ്പെടുത്തി. തന്നെ പരസ്യപ്പെടുത്തരുത് എന്ന് അവൻ അവരോട് കൽപിച്ചു. ഇത് ഏശയ്യാ പ്രവാചകൻ വഴി അരുളി ചെയ്തത് പൂർത്തിയാകുവാൻ വേണ്ടിയാണ്. ഇതാ ഞാൻ തെരഞ്ഞെടുത്ത എൻെറ ദാസൻ. എൻെറ ആത്മാവ് പ്രസാദിച്ച എൻെറ പ്രിയപ്പെട്ടവൻ. ഞാൻ അവൻെറമേൽ എൻെറ ആത്മാവിനെ അയക്കും. അവൻ വിജാതീയരെ ന്യായവിധി അറിയിക്കും. അവൻ തർക്കിക്കുകയോ ബഹളം കൂട്ടുകയോ ഇല്ല. തെരുവീഥികളിൽ അവൻെറ ശബ്ദം ആരും കേൾക്കുകയില്ല. നീതിയെ വിജയത്തിലെത്തിക്കുന്നത്വരെ അവൻ ചതഞ്ഞ ഞാങ്ങണ ഒടിക്കുകയില്ല. പുകഞ്ഞ തിരി കെടുത്തുകയുമില്ല. അവൻെറ നാമത്തിൽ വിജാതീയർ പ്രത്യാശവെക്കും'.

ഇനി യേശു തന്നെപ്പറ്റിയും തൻെറ ദൗത്യത്തെപ്പറ്റിയും പറയുന്നത് കാണുക. മത്തായിയുടെ സുവിശേഷം 15-ാം അധ്യായം 24-ാം വാക്യം: 'ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട കുഞ്ഞാടുകളുടെ അടുത്തേക്കു മാത്രമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്'. ആദ്യം സുവിശേഷകൻ പറയുന്നത് വിജാതീയരെ ന്യായവിധി അറിയിക്കുന്നവനെ പറ്റിയാണ്. രണ്ടാമത് അതേ സുവിശേഷകൻ തന്നെ യേശു പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നത് യേശു ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട കുഞ്ഞാടുകളുടെ അടുത്തേക്ക് മാത്രം നിയോഗിക്കപ്പെട്ടവനാണ് എന്നാണ്. ഈ രണ്ട് കാര്യങ്ങളും പരസ്പരം പൊരുത്തപ്പെടുകയില്ല. എശയ്യായുടെ പ്രവചനം യേശുവിൽ നിറവേറിയെന്ന വാദം ഇവിടെ നിരർഥകമാവുകയാണ്. ബൈബിൾ ഒരു പ്രാവശ്യമെങ്കിലും വായിച്ചിട്ടുള്ള ഒരാൾക്ക് അത് മനസ്സിലാവാതിരിക്കാനിടയില്ല. എശയ്യായുടെ പ്രവചനം യേശുവിനെപ്പറ്റിയുള്ളതല്ലായെന്ന് പറയാൻ കാരണമുണ്ട്. ആദ്യ പരാമർശത്തിൽ പറയുന്നത് പ്രവാചകൻ തർക്കിക്കുകയോ ബഹളം കൂട്ടുകയോ ഇല്ലായെന്നാണ് പറയുന്നത്. എന്നാൽ യേശു തർക്കിച്ചിട്ടുണ്ട്; പാരമ്പര്യത്തെക്കുറിച്ച്, ഫരിസേയരോടും നിയമജ്ഞരോടും. മത്തായിയുടെ സുവിശേഷംതന്നെ അതിന് തെളിവ് നൽകുന്നുണ്ട്. 15-ാം അധ്യായം തുടങ്ങുന്നതുതന്നെ പാരമ്പര്യത്തെക്കുറിച്ച് തർക്കം എന്ന തലക്കെട്ടിലാണ്. മത്തായിയുടെ സുവിശേഷം 16-ാം അധ്യായം ഒന്ന് മുതലുള്ള വാക്യങ്ങൾ, മർക്കോസിൻെറ സുവിശേഷം 7-ാം അധ്യായം ഒന്ന് മുതലുള്ള വാക്യങ്ങൾ, മർക്കോസിൻെറ സുവിശേഷം 8-ാം അധ്യായം 11 മുതലുള്ള വാക്യങ്ങൾ- ഈ ബൈബിൾ പുതിയനിയമഭാഗങ്ങളൊക്കെയും വായിക്കുന്ന ഒരാൾക്ക് മനസ്സിലാവുക, യേശു തർക്കിക്കുകയും പഠിപ്പിക്കുകയും ഫരിസേയരെയും നിയമജ്ഞരെയും സദുക്കായരെയും തിരുത്തുകയും ചെയ്തിരുന്നുവെന്നാണ്. മത്തായിയുടെ സുവിശേഷം 21-ാം അധ്യായം 12 മുതലുള്ള വാക്യങ്ങൾ, മർക്കോസിൻെറ സുവിശേഷം 11-ാം അധ്യായം 15 മുതലുള്ള വാക്യങ്ങൾ, യോഹന്നാൻെറ സുവിശേഷം 2-ാം അധ്യായം 13 മുതലുള്ള വാക്യങ്ങൾ, ലൂക്കോയുടെ സുവിശേഷം 19-ാം അധ്യായം 45 മുതലുള്ള വാക്യങ്ങൾ ഇവയൊക്കെയും വായിക്കുന്ന ഒരാൾക്ക് മനസ്സിലാകുന്നത് യേശു തർക്കിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നുവെന്നാണ്. യേശു പഠിപ്പിച്ചത് വിജാതീയരെയല്ല, ഇസ്രായേല്യരെയാണ്. യേശു ഒരിക്കലും അധികാരസ്ഥനോ ഭരണാധികാരിയോ ആയിരുന്നില്ല. അതിനാൽതന്നെ എശയ്യാവിൻെറ പ്രവചനം യേശുവിനെപ്പറ്റിയായിരുന്നില്ല, എശയ്യായുടെ പ്രവചനം യേശുവിൽ നിറവേറിയെന്ന് സ്ഥാപിക്കാനുള്ള ശ്രമം മാത്രമാണ്. യേശു തെരുവുകൾ തോറും പഠിപ്പിക്കുകയും പട്ടണങ്ങളിൽ ചുറ്റിസഞ്ചരിക്കുകയും ചെയ്തിരുന്നുവെന്ന് ബൈബിൾ പുതിയ നിയമംതന്നെ സാക്ഷ്യം നൽകുന്നു.

**എശയ്യായുടെ പ്രവചനം യേശുവിൽ നിറവേറിയെന്ന വാദം ഇവിടെ നിരർഥകമാവുകയാണ്. ബൈബിൾ ഒരു പ്രാവശ്യമെങ്കിലും വായിച്ചിട്ടുള്ള ഒരാൾക്ക് അത് മനസ്സിലാവാതിരിക്കാനിടയില്ല.**

യോഹന്നാൻെറ സുവിശേഷം 14-ാം അധ്യായം 26-ാം വാക്യം ഇങ്ങനെ പറയുന്നു: 'എന്നാൽ എൻെറ നാമത്തിൽ പിതാവ് അയക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോട് പറഞ്ഞതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും'. യോഹന്നാൻെറ സുവിശേഷം 15-ാം അധ്യായം 26-ാം വാക്യം: 'ഞാൻ പിതാവിൻെറ അടുത്തുനിന്ന് അയക്കുന്ന സഹായകൻ, പിതാവിൽനിന്ന് പുറപ്പെടുന്ന ആ സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും'. വീണ്ടും യോഹന്നാൻെറ തന്നെ സുവിശേഷം 16-ാം അധ്യായം ഏഴുമുതലുള്ള വാക്യങ്ങൾ പറയുന്നു: 'എങ്കിലും സത്യം ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങളുടെ നന്മക്ക് വേണ്ടിയാണ് ഞാൻ പോകുന്നത്, ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്ക് വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്ക് ഞാൻ അയക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും. അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ പാപത്തെക്കുറിച്ചും, ഞാൻ പിതാവിൻെറ അടുക്കലേക്ക് പോകുന്നതുകൊണ്ടും നിങ്ങൾ ഇനി മേലിൽ എന്നെ കാണുകയില്ലാത്തതുകൊണ്ടും നീതിയെക്കുറിച്ചും ഈ ലോകത്തിൻെറ അധികാരി വിധിക്കപ്പെട്ടിരിക്കുന്നതിനാൽ ന്യായവിധിയെക്കുറിച്ചും ബോധ്യപ്പെടുത്തും. ഇനിയും വളരെകാര്യങ്ങൾ എനിക്ക് നിങ്ങളോട് പറയുവാനുണ്ട്. എന്നാൽ അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്ക് കഴിവില്ല. സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിൻെറ പൂർണതയിലേക്ക് നയിക്കും. അവൻ സ്വമേധയാ ആയിരിക്കുകയില്ല സംസാരിക്കുന്നത്. അവൻ കേൾക്കുന്നത് മാത്രം സംസാരിക്കും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും. അവൻ എനിക്കുള്ളവയിൽനിന്ന് സ്വീകരിച്ച് നിങ്ങളോട് പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ മഹത്ത്വപ്പെടുത്തും'. മറ്റു സുവിശേഷകന്മാരുടെയൊന്നും സുവിശേഷത്തിൽ കാണാത്ത, രേഖപ്പെടുത്താത്ത കാര്യമാണ് മേൽ വിവരിച്ച സത്യാത്മാവിനെപറ്റിയുള്ള പരാമർശങ്ങൾ. ഒരേ ഗുരുവിൻെറ നാല് ശിഷ്യന്മാരിൽ ആദ്യമുള്ള മൂന്ന് സുവിശേഷകന്മാരും രേഖപ്പെടുത്തിയ സുവിശേഷങ്ങളിൽ യേശു പറഞ്ഞ ഈ സത്യാത്മാവിനെ പറ്റിയുള്ള പരാമർശങ്ങൾ ഒഴിവാക്കി

യതാണോ? അതോ തങ്ങളുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായതിനാൽ ക്രൈസ്തവസഭയുടെ വക്താക്കൾ മനഃപൂർവം തമസ്കരിച്ചതാണോ? ഇപ്പോൾ ആ വിഷയം ഞാൻ പരാമർശിക്കാൻ ആഗ്രഹിക്കുന്നില്ല. കാരണം, ഞാൻ പറഞ്ഞുവന്ന വിഷയത്തിൽനിന്ന് വ്യതിചലിക്കുവാൻ അത് കാരണമായേക്കും. യോഹന്നാന്റെ സുവിശേഷം വഴി ബൈബിൾ പുതിയനിയമം പരാമർശിക്കുന്ന ഈ സത്യാത്മാവ് വന്നുവോ? യേശുവിന്റെ സഹായകനായ സത്യാത്മാവിനെപ്പറ്റിയുള്ള പ്രവചനം നിറവേറിയോ? ആ സത്യാത്മാവ് വന്നുവെങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ലോകത്തെ പഠിപ്പിച്ചത്. പാപത്തെകുറിച്ചും ന്യായവിധിയെകുറിച്ചും എന്തൊക്കെയാണ് ലോകത്തെ ബോധ്യപ്പെടുത്തിയത്.

സത്യാത്മാവിനെപ്പറ്റി ക്രൈസ്തവസഭയുടെ കാഴ്ചപ്പാട് എന്താണ് എന്ന് നോക്കാം. ക്രൈസ്തവസഭ പഠിപ്പിക്കുന്നത് ആ സത്യാത്മാവ് വന്നുവെന്നാണ്. അത് രേഖപ്പെടുത്തിയിരിക്കുന്നത് പുതിയ നിയമത്തിലെ സുവിശേഷങ്ങളില്ല; അപ്പോസ്തലപ്രവർത്തനങ്ങൾ എന്ന പുസ്തകത്തിലാണ്. അപ്പോസ്തലപ്രവർത്തനങ്ങൾ 2-ാം അധ്യായം 1-ാം വാക്യം മുതൽ ഇങ്ങനെ വായിക്കാം: ‘പന്തക്കുസ്താദിനം സംഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ച് കൂടിയിരിക്കുകയായിരുന്നു. കൊടുങ്കാറ്റ് അടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തു നിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീട് മുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയുംമേൽ വന്നു നിൽക്കുന്നത് അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിൽ നിറഞ്ഞു. ആത്മാവ് കൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി’.

**യേശുവിന്റെ ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിന്റെ സഹായത്താൽ വിവിധഭാഷകൾ സംസാരിക്കാൻ കഴിവുകിട്ടി എന്ന് പഠിപ്പിക്കുന്ന ക്രൈസ്തവസഭ യേശുവിന്റെ സത്യാത്മാവിനെപ്പറ്റിയുള്ള പ്രവചനം തമസ്കരിക്കുകയും തെറ്റായി വ്യാഖ്യാനിക്കുകയും ചെയ്യുകയായിരുന്നു.**

ഇതാണ് കത്തോലിക്കാ സഭയുടെ വീക്ഷണത്തിലെ യേശു പ്രവചിച്ച സഹായകനായ സത്യാത്മാവ്. യേശുവിന്റെ ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിന്റെ സഹായത്താൽ വിവിധഭാഷകൾ സംസാരിക്കാൻ കഴിവുകിട്ടി എന്ന് പഠിപ്പിക്കുന്ന ക്രൈസ്തവസഭ യേശുവിന്റെ സത്യാത്മാവിനെപ്പറ്റിയുള്ള പ്രവചനം തമസ്കരിക്കുകയും തെറ്റായി വ്യാഖ്യാനിക്കുകയും ചെയ്യുകയായിരുന്നു. ശിഷ്യന്മാരുടെമേൽ തീനാവുകളായിവന്ന പരിശുദ്ധാത്മാവ് നീതിയെക്കുറിച്ചോ ന്യായവിധിയെക്കുറിച്ചോ പഠിപ്പിച്ചതായി ക്രൈസ്തവസഭ പറയുന്നില്ല. തീനാവുകളുടെ രൂപത്തിൽ വന്ന പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചോ ന്യായവിധിയെകുറിച്ചോ അല്ലെങ്കിൽ മറ്റെന്തിനെക്കുറിച്ചെങ്കിലുമോ സംസാരിച്ചതായി ക്രൈസ്തവസഭ അവകാശപ്പെടുന്നുമില്ല. യേശു സത്യാത്മാവിനെക്കുറിച്ച് പറഞ്ഞത് അവൻ സ്വമേധയാ ആയിരിക്കുകയില്ല സംസാരിക്കുന്നത്. അവൻ കേൾക്കുന്നത് മാത്രം സംസാരിക്കും എന്നാണ്. അല്ലാതെ ക്രൈസ്തവസഭ അവകാശപ്പെടുന്നതുപോലെ ഭാഷണവരം നൽകി യേശുവിന്റെ ശിഷ്യന്മാരെകൊണ്ട് വിവിധ ഭാഷകൾ സംസാരിപ്പിക്കുമെന്നല്ല. അപ്പോൾ, യേശു പ്രവചിച്ച സത്യവും ക്രൈസ്തവ സഭയുടെ അവകാശവാദമായ പരിശുദ്ധാത്മാവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അങ്ങനെയെങ്കിൽ ലോകത്തിന് പാപത്തെക്കുറിച്ച്, നീതിയെകുറിച്ച്, ന്യായവിധിയെകുറിച്ച് ബോധ്യപ്പെടുത്താൻ സഹായകനായ സത്യാത്മാവ് വരും. സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്ക് നയിക്കും. അവൻ സ്വമേധയാ ആയിരിക്കുകയില്ല സംസാരിക്കുന്നത്. അവൻ കേൾക്കുന്നത് മാത്രം സംസാരിക്കും. പിതാവിൽ നിന്നും പുറപ്പെടുന്ന ആ സത്യാത്മാവ് വരുമ്പോൾ എന്നെക്കുറിച്ച് സാക്ഷ്യം നൽകുകയും എന്നെ മഹത്ത്വപ്പെടുത്തുകയും ചെയ്യും എന്ന യേശുവിന്റെ പ്രവചനം നിറവേറിയോ? അതോ യേശു കള്ളം പറഞ്ഞതായിരുന്നുവോ? യേശു, ദൈവത്തിന്റെ അഭിഷിക്തനായിരുന്നതിനാൽ - പ്രവാചകനായിരുന്നതിനാൽ ആ പ്രവചനം കളവായിരിക്കുവാൻ യാതൊരു സാധ്യതയുമില്ല. ആ പ്രവചനം സത്യമായി പുലർന്നേ മതിയാവൂ. ആ പ്രവചനം പൂർത്തിയാവുകയും യേശു പ്രവചിച്ച ആ സത്യാത്മാവ്- സഹായകൻ വന്നുവെങ്കിൽ അത് ക്രൈസ്തവസഭ പഠിപ്പിക്കുന്ന, അഗ്നിജ്വാലകളുടെ രൂപത്തിൽ ശിഷ്യന്മാരുടെമേൽ വരികയും അവർക്ക് ഭാഷണവരം നൽകുകയും ചെയ്ത പരിശുദ്ധാത്മാവ് അല്ലായെങ്കിൽ പിന്നെ യേശു പ്രവചിച്ച ആ സത്യാത്മാവ്- സഹായകൻ എവിടെയെന്ന് അന്വേഷിക്കുന്ന ഒരാൾ ചെന്നെത്തുക യേശുവിന് ശേഷം ആറ് നൂറ്റാണ്ടുകൾക്കിപ്പുറം മക്കയിൽ ജനിച്ച, ദൈവമാർഗത്തെക്കുറിച്ചും പാപത്തെകുറിച്ചും ന്യായവിധിയെക്കുറിച്ചും പ്രബോധനം നടത്തിയ മുഹമ്മദ് നബി(സ)യിലാണ്. യേശു പ്രവചിച്ചതുപോലെ മുഹമ്മദ് നബി (ﷺ) സത്യത്തിന്റെ പൂർണതയിലേക്ക് ലോകത്തെ നയിച്ചു. യേശു പ്രവചിച്ചതുപോലെ മുഹമ്മദ് നബി (ﷺ) സ്വന്തമായല്ല സംസാരിച്ചത്. അവിടുന്ന് കേട്ടത് മാത്രം സംസാരിച്ചു. മനുഷ്യജീവിതത്തിന്റെ സകല മേഖലകളിലുമുള്ള പാപത്തെക്കുറിച്ച്, നീതിയെക്കുറിച്ച്, ഇഹലോക ജീവിതത്തിലെ വിധിവിലക്കുകളെക്കുറിച്ച്, മരണാനന്തര ജീവിതത്തിലെ ന്യായവിധിയെക്കുറിച്ച് ഒക്കെയും അന്ത്യ പ്രവാചകനായ, സഹായകനായ, സത്യാത്മാവ് മുഹമ്മദ് നബി (ﷺ) ലോകത്തെ പഠിപ്പിച്ചു. യേശുവിന്റെ പ്രവചനങ്ങൾ മുഹമ്മദ് നബി(സ)യിൽ പൂർത്തിയാക്കപ്പെടുകവഴി യേശുവിനെ -ഈസാ നബി(عليه السلام)യെ -ദൈവം മഹത്ത്വപ്പെടുത്തി. യേശു പ്രവചിച്ചതുപോലെ, അവിടുത്തെ രണ്ടാമത്തെ ആഗമനത്തെപ്പറ്റി അല്ലാഹുവിൽനിന്നുള്ള സന്ദേശത്താൽ മുഹമ്മദ് നബി (ﷺ) സാക്ഷ്യം നൽകി. യോഹന്നാന്റെ സുവിശേഷം 14-ാം അധ്യായം 25 മുതലുള്ള വാക്യങ്ങൾ ഒരിക്കൽകൂടി നോക്കാം: ‘എന്നാൽ എന്റെ നാമത്തിൽ പിതാവ് അയക്കും. സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കും. ഞാൻ പറഞ്ഞിട്ടുള്ളതൊക്കെയും നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും’. അതേ അധ്യായം 28-ാം വാക്യം: ‘ഞാൻ പോകുന്നുവെന്നും വീണ്ടും നിങ്ങളുടെ അടുത്തേക്ക് വരുമെന്നും ഞാൻ പറഞ്ഞത് നിങ്ങൾ കേട്ടുവല്ലോ. നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നുവെങ്കിൽ പിതാവിങ്കലേക്ക് ഞാൻ പോകുന്നതിൽ നിങ്ങൾ സ

ന്തോഷിക്കുമായിരുന്നു'.

യേശുവെന്ന് ക്രൈസ്തവരും ഇസാ നബി (عليه السلام) എന്ന് മുസ്‌ലിംകളും സംബോധന ചെയ്യുന്ന പ്രവാചകൻെറ, അദ്ദേഹംവഴി ദൈവം പഠിപ്പിച്ച ദൈവിക സന്ദേശങ്ങളെ മുഹമ്മദ് നബി (ﷺ) വഴി ദൈവം ലോകത്തെ വീണ്ടും അനുസ്മരിപ്പിച്ചു, അംഗീകരിച്ചു. യേശുവിൻെറ ശിഷ്യന്മാർ അഥവാ പിന്തുടർച്ചക്കാർ എന്ന് അവകാശപ്പെടുന്നവർ യേശു തെളിച്ച, പഠിപ്പിച്ച യഥാർത്ഥ മാർഗത്തിൽ നിന്ന് വ്യതിചലിച്ചു പോയി. ഇക്കാര്യവും യേശു കണ്ടിരുന്നുവെന്ന് കാണാം. യോഹന്നാൻെറ സുവിശേഷം 15-ാം അധ്യായത്തിൻെറ അവസാനത്തെ രണ്ട് വാക്യങ്ങളായ 26ഉം 27ഉം 16-ാം അധ്യായത്തിൻെറ ഒന്നാം വാക്യവും വായിച്ചാൽ അത് മനസ്സിലാകും.: 'പിതാവിൻെറ അടുത്തുനിന്ന് അയക്കുന്ന സഹായകൻ പിതാവിൽനിന്നും പുറപ്പെടുന്ന ആ സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും. ആരംഭം മുതൽ എന്നോട് കൂടെയുള്ളവരായതുകൊണ്ട് നിങ്ങളും സാക്ഷ്യം നൽകും. നിങ്ങൾക്ക് ഇടർച്ചയുണ്ടാകാതിരിക്കേണ്ടതിനാണ് ഞാൻ ഇതെല്ലാം നിങ്ങളോട് പറഞ്ഞത്'. തൻെറ പിൻഗാമികൾ അല്ലെങ്കിൽ യേശുവിൻെറ ദൗത്യം നിർവഹിക്കപ്പെട്ട ഇസ്രായേൽ ജനത തന്നിൽ ഇടറും അല്ലെങ്കിൽ വഴി പിഴക്കും എന്ന് ഈസാ നബി (عليه السلام) മുൻകൂട്ടി കണ്ടിരുന്നു.

**'അവർ തങ്ങളുടെ കണ്ണുകൾ അവ എന്നിലേക്ക് തിരിഞ്ഞ് ഞാൻ അവരെ സുഖപ്പെടുത്തുകയും ചെയ്യാതിരിക്കേണ്ടതിന് അവിടുന്ന് അവരുടെ കണ്ണുകളെ അന്ധമാക്കുകയും ഹൃദയത്തെ കഠിനമാക്കുകയും ചെയ്തു'.**

അക്കാര്യംതന്നെ മുഹമ്മദ് നബി (ﷺ)യും അദ്ദേഹംവഴി അല്ലാഹു ലോകത്തിന് മുഴുവനും നൽകിയ അന്തിമ വേദഗ്രന്ഥമായ പരിശുദ്ധ ഖുർആനും സാക്ഷ്യപ്പെടുത്തുന്നു. മനുഷ്യന് ദൈവം നൽകിയ അവസാന വേദഗ്രന്ഥമായ പരിശുദ്ധ ഖുർആനിലെ ഒന്നാം അധ്യായമായ ഫാത്തിഹയുടെ ആറും ഏഴും വാക്യങ്ങൾ: 'ഞങ്ങളെ നീ നേർമാർഗത്തിൽ അഥവാ നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ നയിക്കേണമേ. കോപത്തിനിരയായവരുടെ മാർഗത്തിലല്ല, വഴിപിഴച്ചുപോയവരുടെ മാർഗത്തിലുമല്ല'. ഇവിടെ പരാമർശിക്കുന്നത് മോശയുടെ അഥവാ മൂസാനബി (عليه السلام)യുടെ അനുയായികൾ എന്ന് അവകാശപ്പെടുന്ന യഹൂദരെയും യേശുവിൻെറ അനുയായികൾ എന്ന് അവകാശപ്പെടുന്ന ക്രൈസ്തവരെയുമാണ് എന്ന് അൽപം ചിന്തിക്കുന്ന ആർക്കും മനസ്സിലാകും. എന്നിട്ടും ക്രൈസ്തവ സഭയും സഭയെ നയിക്കുന്ന പുരോഹിതരും എന്തേ ഇത് അംഗീകരിക്കാത്തത്? യോഹന്നാൻെറ സുവിശേഷം 12-ാം അധ്യായം 40-ാം വാക്യം എശയ്യാ പ്രവാചകൻെറ ദീർഘദർശനത്തെപ്പറ്റി പറയുന്നു: 'അവർ തങ്ങളുടെ കണ്ണുകൾ അവ എന്നിലേക്ക് തിരിഞ്ഞ് ഞാൻ അവരെ സുഖപ്പെടുത്തുകയും ചെയ്യാതിരിക്കേണ്ടതിന് അവിടുന്ന് അവരുടെ കണ്ണുകളെ അന്ധമാക്കുകയും ഹൃദയത്തെ കഠിനമാക്കുകയും ചെയ്തു'.

മത്തായിയുടെ സുവിശേഷം 23-ാം അധ്യായം 13-ാം വാക്യം മുതൽ വായിക്കുക: 'കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ നിങ്ങൾക്ക് ദുരിതം. നിങ്ങൾ മനുഷ്യരുടെ മുമ്പിൽ സ്വർഗരാജ്യം അടച്ചുകളയുന്നു. നിങ്ങൾ അതിൽ പ്രവേശിക്കുന്നില്ല. പ്രവേശിക്കാൻ വരുന്നവരെ അനുവദിക്കുന്നുമില്ല. കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്ക് ദുരിതം. ഒരുവനെ നിങ്ങളുടെ മതത്തിൽ ചേർക്കാനായി നിങ്ങൾ കരയും കടലും ചുറ്റി സഞ്ചരിക്കുന്നു. ചേർന്ന് കഴിയുമ്പോൾ ഇവനെ നിങ്ങൾ നിങ്ങളുടെ ഇരട്ടി നരകസന്തതിയാക്കുന്നു'. ഇന്നത്തെ പുരോഹിത സമൂഹത്തിനും ഈസാനബി (عليه السلام)യുടെ ഈ പ്രവചനം ബാധകമാണ്. കാരണം അവരും ഏകദൈവത്തിൽ വിശ്വസിക്കുന്നില്ല. ഏകദൈവത്തെ -പങ്കുകാരെ ചേർക്കുന്നതിൽ അസഹിഷ്ണുവായ ദൈവത്തെ- അവർ വിഭജിച്ച് ത്രിത്വമാക്കുകയും അത് മനുഷ്യബുദ്ധിക്ക് മനസ്സിലാക്കാൻ കഴിയാത്തവിധം ദുർഗ്രാഹ്യമായി വിശദീകരിക്കുകയും ചെയ്യുന്നു. വിഗ്രഹാരാധന വിലക്കിയ ഏകദൈവത്തിൻെറ കൽപനകൾ തിരസ്കരിക്കുകയും പ്രാർഥനാലയങ്ങൾ വിഗ്രഹങ്ങളാലും പ്രതിരൂപങ്ങളാലും നിറയ്ക്കുകയും ചെയ്യുന്നു. ദൈവത്തിൻെറ പ്രവാചകനും സന്ദേശവാഹകനുമായി വന്ന ഈസാ നബി(عليه السلام)യെ ദൈവത്തിൻെറ പുത്രൻ എന്ന വ്യാജസ്ഥാനം നൽകി അനാദരിക്കുകയും അവമതിക്കുകയും ചെയ്യുന്നു. ഒപ്പം ഈസാനബി (عليه السلام) കർശനമായി പാലിക്കുവാൻ ആവശ്യപ്പെട്ട കാര്യങ്ങൾ തിരസ്കരിക്കുകയും ചെയ്യുന്നു. യേശുവിൻെറ അനുയായികൾ എന്ന് അവകാശപ്പെടുന്ന ക്രൈസ്തവരെക്കാളും യേശുവിനെ ബഹുമാനിക്കുന്നതും അംഗീകരിക്കുന്നതും മുസ്‌ലിംകളാണ്.

ഈസാനബി (عليه السلام) അടക്കം എല്ലാ പ്രവാചകന്മാരും നിയമങ്ങൾക്ക് അധീനരായിരുന്നു. പ്രവാചകന്മാരുടെ കാര്യങ്ങളിൽ പാലിക്കപ്പെട്ടിരുന്ന നിയമങ്ങൾ മുസലിംകൾ അതേപോലെ പിൻപറ്റുന്നുണ്ട്; യേശുവിൻെറ അനുയായികൾ എന്ന് അവകാശപ്പെടുന്നവർ തള്ളിപ്പറഞ്ഞ കാര്യങ്ങൾപോലും. ഉദാഹരണത്തിന് പരിഛേദന നിയമം. യേശുവടക്കമുള്ള പ്രവാചകന്മാരെല്ലാവരുംതന്നെ പരിഛേദനം ചെയ്യപ്പെട്ടവരായിരുന്നുവെന്ന് ഉൽപത്തി പുസ്തകം 17-ാം അധ്യായം 9 മുതലുള്ള വാക്യങ്ങൾ വായിക്കുന്ന ആർക്കും മനസ്സിലാകും. പരിഛേദന നിയമം ദൈവം മനുഷ്യന് നൽകിയത് എന്നെന്നേക്കുമുള്ള നിയമമായാണെന്ന് പ്രസ്തുത വാക്യങ്ങൾ വ്യക്തമാക്കുന്നു: 'ദൈവം അബ്രാഹത്തോട് കൽപിച്ചു. നീയും നിൻെറ സന്താനങ്ങളും തലമുറതോറും എൻെറ ഉടമ്പടി പാലിക്കണം. നിങ്ങൾ പാലിക്കേണ്ട ഉടമ്പടി ഇതാണ്. നിങ്ങളിൽ പുരുഷന്മാരെല്ലാവരും പരിഛേദനം ചെയ്യപ്പെടണം. നിങ്ങൾ അഗ്രചർമം ഛേദിക്കണം. ഞാനും നിങ്ങളുമായുള്ള ഉടമ്പടിയുടെ അടയാളമായിരിക്കും അത്. നിങ്ങളിൽ എട്ടു ദിവസം പ്രായമായ ആൺകുട്ടിക്ക് പരിഛേദനം ചെയ്യണം. നിൻെറ വീട്ടിൽ പിറന്നവനോ നിൻെറ സന്താനങ്ങളിൽപെടാത്ത വിലയ്ക്കുവാങ്ങിയ പരദേശിയോ ആകട്ടെ തലമുറതോറും എല്ലാ പുരുഷന്മാരും പരിഛേദനം ചെയ്യണം. നിൻെറ വീട്ടിൽ പിറന്നവനും നീ വിലക്ക് വാങ്ങിയവനും പരിഛേദനം ചെയ്യപ്പെടണം. അങ്ങനെ എൻെറ ഉട

മ്പടി നിന്റെ മാംസത്തിൽ ശാശ്വതമായ ഉടമ്പടിയായി നിലനിൽക്കും. പരിഛേദനം ചെയ്യപ്പെടാത്ത പുരുഷനെ സമൂഹത്തിൽനിന്ന് പുറന്തള്ളണം. കാരണം അവൻ എന്റെ ഉടമ്പടി ലംഘിച്ചിരിക്കുന്നു'.

ലേവ്യർ, അധ്യായം 12-ൽ മൂന്നാംവാക്യത്തിൽ കർത്താവ് മോശയ്ക്ക്- മൂസാ നബി (عليه السلام)ക്ക്- കൊടുത്ത കൽപന കാണുക: '8-ാം ദിവസം കുട്ടിയെ പരിഛേദനം ചെയ്യണം'. ലൂക്കോയുടെ സുവിശേഷം 1-ാം അധ്യായം 59-ാം വാക്യം സ്നാപക യോഹന്നാൻ 8-ാം ദിവസം പരിഛേദനം ചെയ്യപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. ലൂക്കോയുടെ സുവിശേഷം 2-ാം അധ്യായം 21-ാം വാക്യം യേശുവും 8-ാം ദിവസം പരിഛേദനം ചെയ്യപ്പെട്ടതായി പറയുന്നു. ഇനി പരിഛേദനകർമത്തെപറ്റി യേശുവിന്റെ അനുയായികൾ എന്ന് അവകാശപ്പെടുന്ന ക്രൈസ്തവ സഭയുടെ ആചാര്യന്മാരിൽ പ്രമുഖനായിരുന്ന, പൗലോസ് എന്ന് പുനർനാമരണം ചെയ്യപ്പെട്ട സാവൂൾ എന്ത് പറയുന്നുവെന്ന് നോക്കാം. പൗലോസ് ഗലാത്തിയാക്കാർക്ക് എഴുതിയ ലേഖനം 5-ാം അധ്യായം 2-ാം വാക്യം ഇങ്ങനെ പറയുന്നു: 'പൗലോസായ ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾ പരിഛേദനം സ്വീകരിക്കുന്നുവെങ്കിൽ ക്രിസ്തു നിങ്ങൾക്ക് ഒന്നിനും പയോജനപ്പെടുകയില്ല. പരിഛേദനം സ്വീകരിക്കുന്ന ഓരോ മനുഷ്യനോടും ഞാൻ വീണ്ടും ഉറപ്പിച്ച് പറയുന്നു. അവൻ നിയമം മുഴുവനും പാലിക്കാൻ ബാധ്യസ്ഥനാണ്. നിയമത്തിലാണ് നിങ്ങൾ നീതീകരിക്കപ്പെടുന്നത് എന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ ക്രിസ്തുവിനോടുള്ള നിങ്ങളുടെ ബന്ധം വിഛേദിക്കപ്പെട്ടിരിക്കുന്നു'.

**ക്രൈസ്തവസഭ യേശുവിന്റെ അനുയായികൾ എന്ന് അവകാശപ്പെടുമ്പോൾ തന്നെ യേശുവിനെ നേരിൽ കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്ത സാവൂളിന്റെ വാക്കുകൾ ന്യായപ്രമാണങ്ങളാക്കുന്നു!**

അബ്രഹാം മുതൽ യേശുവടക്കം സകല പ്രവാചകന്മാരും സ്വന്തം ജീവിതത്തിൽ അനുഷ്ഠിക്കുകയും അനുഷ്ഠിക്കാൻ സ്വന്തം ജനതകൾക്ക് നിർദേശം നൽകുകയും ചെയ്ത നിയമം, തലമുറതോറും എല്ലാ പുരുഷന്മാരും- ഉടമയും അടിമയും സ്വദേശിയും പരദേശിയും അനുഷ്ഠിക്കണമെന്നും അനുഷ്ഠിക്കാത്തവനെ സമൂഹത്തിൽനിന്നും പുറന്തള്ളണമെന്നും ദൈവം നൽകിയ നിയമം അനുസരിച്ചാൽ അവൻ ക്രിസ്തുവിൽനിന്ന് വിഛേദിതനാകും! ഇവിടെ ക്രിസ്തുവെന്ന് സംബോധന ചെയ്യപ്പെട്ടിരിക്കുന്നത് യേശുവിനെയാണ്. എത്ര ബാലിശമായ ഒരു വാദമാണ് ഇവിടെ പൗലോസായ സാവൂൾ നടത്തുന്നത്. യേശു സ്വന്തം ജീവിതത്തിൽ അല്ലെങ്കിൽ യേശുവിന്റെ മാതാപിതാക്കൾ ശിശുവായിരുന്ന യേശുവിന് പരിഛേദന കർമം ചെയ്തു. യേശുവിന്റെ അനുയായികൾ എന്ന് അവകാശപ്പെടുന്നവർ ആ നിയമം പിന്തുടരാൻ പാടില്ല. അത് പറയുന്നതോ യേശുവിനെ നേരിൽ കാണുകയോ കേൾക്കുകയോ ചെയ്യാത്ത, യേശുവിന്റെ ശിഷ്യന്മാരെയും അനുയായികളെയും പീഡിപ്പിക്കുവാനും നശിപ്പിക്കുവാനുമായി പ്രതിജ്ഞാബദ്ധനായി നടന്നിരുന്ന ഒരാൾ, അയാൾ യേശുവിന്റെ അനുയായികളുടെ നേതൃത്വം ഏറ്റെടുക്കുന്നതോ ഒരു നിലയ്ക്കും വിശ്വസനീയമല്ലാത്ത ഒരു മാനസാന്തരത്തിന്റെ കഥയുടെ പിൻബലത്തിലും! സാവൂൾ ആയിരുന്നപ്പോൾ യേശുവിന്റെ അനുയായികളെ നശിപ്പിക്കാൻ കഴിയാതിരുന്ന അയാൾ പൗലോസായ ശേഷം ആ ദൗത്യം വളരെ ഭംഗിയായി നിർവഹിച്ചു. യഥാർഥത്തിൽ സാവൂൾ മാനസാന്തരപ്പെട്ടിരുന്നുവെങ്കിൽ യേശുവിനെ തള്ളിപ്പറയുകയും നിയമങ്ങൾ അനുസരിക്കുന്നത് വിലക്കുകയും ആയിരിക്കില്ല അയാൾ ചെയ്യുക. പിന്നെയോ യേശുവിനെ പിന്തുടരാനും യേശുവിന്റെ അധ്യാപനങ്ങളെയും നിയമങ്ങളെയും അനുസരിക്കുകയും അനുസരിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യുമായിരുന്നു. യേശു ശിഷ്യന്മാരെപ്പറ്റി പറഞ്ഞിരിക്കുന്നത് കാണുക. യോഹന്നാന്റെ സുവിശേഷം 13-ാം അധ്യായം 16-ാം വാക്യം കാണുക: 'സത്യമായും ഞാൻ നിങ്ങളോട് പറയുന്നു. ഭൃത്യൻ യജമാനനെക്കാളും വലിയവനല്ല'. ഇവിടെ ആര് യജമാനനും ആര് ഭൃത്യനുമായിരിക്കണമെന്ന് ഓരോ ക്രൈസ്തവനും ചിന്തിക്കുക. നിയമങ്ങളെപ്പറ്റി യേശുവിന്റെ കാഴ്ചപ്പാട് എന്തായിരുന്നുവെന്ന് മത്തായിയുടെ സുവിശേഷം 5-ാം അധ്യായം 17 മുതൽ 19 വരെ വാക്യങ്ങൾ പറയുന്നത് കാണുക: 'നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനാണ് ഞാൻ വന്നത് എന്ന് നിങ്ങൾ കരുതുന്നുവോ? അസാധുവാക്കാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നത്. ആകാശവും ഭൂമിയും കടന്നുപോകുന്നത് വരെ സമസ്തവും നിറവേറുംവരെ നിയമത്തിൽ നിന്ന് വള്ളിയോ പുള്ളിയോ മാറുകയില്ല. ഈ പ്രമാണങ്ങളിൽ ഏറ്റവും നിസ്സാരമായ ഒന്ന് ലംഘിക്കുകയോ ലംഘിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നവൻ സ്വർഗത്തിലെ ഏറ്റവും ചെറിയവൻ എന്ന് വിളിക്കപ്പെടും'.

ക്രൈസ്തവസഭ യേശുവിന്റെ അനുയായികൾ എന്ന് അവകാശപ്പെടുമ്പോൾ തന്നെ യേശുവിനെ നേരിൽ കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്ത സാവൂളിന്റെ വാക്കുകൾ ന്യായപ്രമാണങ്ങളാക്കുന്നു. എന്നേക്കും പാലിക്കാനായി ഏകദൈവമായ കർത്താവ് നൽകിയ നിയമങ്ങൾ, പ്രവാചകന്മാരായിരുന്ന അബ്രഹാമും മോശയും യേശുവും അവരുടെ ജനതകളും സ്വന്തം ജീവിതത്തിൽ അനുസരിക്കുകയും അനുഷ്ഠിക്കുകയും ചെയ്ത നിയമങ്ങൾ സ്വർഗരാജ്യത്തിൽ ഏറ്റവും നിസ്സാരനെന്ന് കരുതപ്പെടുമെന്ന് യേശുതന്നെ ഉദ്ബോധിപ്പിച്ചവരിൽ ഉൾപ്പെടുന്നവനായ സാവൂളിന്റെ ജൽപനങ്ങളെപ്രതി തള്ളിപ്പറയുന്നു. യേശു തന്നെ പഠിപ്പിച്ചിരിക്കുന്നു ഗുരുവിനെക്കാൾ വലിയവനല്ല ശിഷ്യനെന്ന്. ഇവിടെ ശിഷ്യനാവുക പോയിട്ട് നേരിൽ യേശുവിനെ അറിയുകപോലും ഇല്ലാത്ത സാവൂൾ ക്രൈസ്തവസഭയുടെ പരമാചാര്യനായി. അപ്പോൾ യേശുവിന്റെ ശിഷ്യർ -ക്രൈസ്തവർ (ക്രിസ്തുവിന്റെ അനുയായി- ക്രിസ്ത്യാനി) എന്ന് അവകാശപ്പെടുന്നർ യഥാർഥത്തിൽ യേശുവിന്റെ ശിഷ്യരോ അനുയായികളോ അല്ല. സാവൂളിന്റെ അല്ലെങ്കിൽ പുനർനാമകരണം ചെയ്യപ്പെട്ട പൗലോസിന്റെ അനുയായികളാണ്. യേശു പ്രവചിച്ച സത്യാത്മാവിനെ- പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെകുറിച്ചും പഠിപ്പിച്ച,സത്യത്തിന്റെ പൂർണതയിലേക്ക് ലോകത്തെ നയി

ച്ച യേശുവിൻെറ രണ്ടാം വരവിനെക്കുറിച്ച് സാക്ഷ്യം നൽകിയ, അതുവഴി യേശുവിനെ മഹത്ത്വപ്പെടുത്തുകയും ചെയ്ത, സ്വന്തമായി സംസാരിക്കാതെ കേട്ടത് മാത്രം സംസാരിച്ച സഹായകനായ പരിശുദ്ധാത്മാവിനെ അംഗീകരിക്കുന്നവനാകുക. യേശുവിൻെറ യഥാർഥ അനുയായികളാവുക. യേശുവടക്കം സകല പ്രവാചകരെയും പ്രവാചകരായി അംഗീകരിക്കുന്നരാവുക. പ്രവാചകനായവനെ ദൈവപുത്രൻ എന്ന വ്യാജസ്ഥാനം നൽകി അപമാനിക്കുകയും അതുവഴി ഏകദൈവത്തോട് പങ്കുകാരെ ചേർക്കുകയെന്ന മഹാപാപം ചെയ്യുന്നവരാകാതെയിരിക്കുക. വിഗ്രഹങ്ങളെ വണങ്ങുന്നവരാകാതെ ഏകദൈവത്തെയും എന്നന്നേക്കുമുള്ള ദൈവത്തിൻെറ നിയമങ്ങളെയും അനുസരിക്കുന്നവരുമാവുക. ദൈവത്തെ മൂന്നായി വിഭജിക്കുകയും ദുർഗ്രാഹ്യമായി വ്യാഖ്യാനിക്കുകയും ദൈവത്തെ പുത്രനായി-ജനിപ്പിക്കപ്പെടുകയും ജീവിക്കുകയും മരിക്കുകയും ചെയ്യുന്നവനായി- അനാദിയും അരൂപിയുമായ ദൈവത്തെ രൂപം ധരിച്ചവനും ആദ്യാന്ത്യങ്ങളുമുള്ളവനുമായി വ്യാഖ്യാനിക്കുന്ന വ്യാജവാദികളിൽനിന്നും സ്വതന്ത്രരാവുക. ഈസാനബി(ﷺ) എന്ന് ഇസ്‌ലാം ആദരപൂർവം പരാമർശിക്കുന്ന യേശുവിൻെറ യഥാർഥ അനുയായികളാവുക. അപ്പോൾ ഓരോ ക്രൈസ്തവനും തീർച്ചയായും യേശു പ്രവചിച്ച സത്യാത്മാവിൻെറ സഹായകനെ -മുഹമ്മദ് നബി(ﷺ)യെ- കണ്ടെത്തും. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചുമുള്ള അന്ത്യപ്രവാചകനായ മുഹമ്മദ് നബിയുടെ പ്രബോധനങ്ങൾ കണ്ടെത്തും. പരമകാരുണികനും അനന്തദയാലുവുമായ ദൈവം- അല്ലാഹു -മുഹമ്മദ് നബി (ﷺ) വഴി ലോകത്തെ സത്യത്തിൻെറ പൂർണതയിലേക്ക് നയിച്ച വഴികൾ കണ്ടെത്തും. അന്ത്യപ്രവാചകനായ മുഹമ്മദ് നബി(ﷺ) വഴി ദൈവം സകലമനുഷ്യർക്കുമായി നൽകിയ അവസാനത്തെ വേദഗ്രന്ഥമായ പരിശുദ്ധ ഖുർആൻ കണ്ടെത്തും; ഒരാൾക്കും ന്യൂനതകൾ ആരോപിക്കാൻ കഴിയാത്ത, വൈരുധ്യങ്ങൾ കണ്ടെത്താൻ കഴിയാത്ത ദൈവംതന്നെ സംരക്ഷണമേറ്റെടുത്ത പരിശുദ്ധ ഖുർആൻ.

**യേശു പ്രവചിച്ച സഹായകനായ സത്യാത്മാവ്, തീനാവുകളായും പ്രാവിൻെറ രൂപത്തിലും വന്നുവെന്ന് ക്രൈസ്തവസഭ പഠിപ്പിക്കുന്ന പരിശുദ്ധാത്മാവല്ല.**

ഓരോ ക്രൈസ്തവനും സ്വയം ചിന്തിക്കുക. യേശുവിനെയും യേശുവടക്കം സകല പ്രവാചകരും പാലിച്ച നിയമങ്ങളെയും ലംഘിക്കുകയും തള്ളിപ്പറയുകയും ലംഘിക്കുവാൻ മറ്റുള്ളവരെ ശക്തമായി പ്രേരിപ്പിക്കുകയും ചെയ്ത സാവൂൾ എന്ന പൗലോസാണോ അതോ യേശുവിൻെറ പ്രവചനങ്ങളുടെ പൂർത്തീകരണമായി വന്ന-യേശുവിൻെറ രണ്ടാംവരവിനെ ദൈവത്തിൽനിന്ന്- അല്ലാഹുവിൽനിന്നുള്ള ബോധനത്താൽ സാക്ഷ്യപ്പെടുത്തുകയും മഹത്ത്വപ്പെടുത്തുകയും ചെയ്ത മുഹമ്മദ് നബി (ﷺ)യാണോ ആരാണ് ശ്രേഷ്ഠൻ? ബൈബിളിൽ തന്നെ അതിനും ഉത്തരം കണ്ടെത്താൻ കഴിയും. മത്തായിയുടെ സുവിശേഷം 7-ാം അധ്യായം 15-ാം വാക്യം മുതൽ ഇങ്ങനെ വായിക്കാം: 'ആടുകളുടെ വേഷത്തിൽ വരുന്ന വ്യാജ പ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ. ഉള്ളിൽ അവർ കടിച്ചുകീറുന്ന ചെന്നായ്ക്കളാണ്. ഫലങ്ങളിൽനിന്ന് അവരെ മനസ്സിലാക്കാം. മുൾച്ചെടിയിൽനിന്ന് മുന്തിരിപ്പഴമോ ഞെരിഞ്ഞിലിൽനിന്ന് അത്തിപ്പഴമോ പറിക്കാറുണ്ടോ? നല്ല വൃക്ഷം നല്ല ഫലങ്ങളും ചീത്ത വൃക്ഷം ചീത്ത ഫലങ്ങളും നൽകുന്നു. നല്ല വൃക്ഷത്തിന് ചീത്ത ഫലങ്ങളോ ചീത്ത വൃക്ഷത്തിന് നല്ല ഫലങ്ങളോ പുറപ്പെടുവിക്കാൻ സാധിക്കുകയില്ല'. മുഹമ്മദ് നബി (ﷺ) നല്ല വൃക്ഷമായിരുന്നു. അദ്ദേഹത്തിൽനിന്ന് പുറപ്പെടുവിക്കപ്പെട്ടതൊക്കെയും നല്ല ഫലങ്ങളായിരുന്നു. അദ്ദേഹത്തിൻെറ ജീവിതം മുഴുവൻ രേഖപ്പെടുത്തപ്പെട്ട തുറന്ന പുസ്തകമായി നമ്മുടെ കൺമുമ്പിലുണ്ട്. എത്ര ശ്രമിച്ചിട്ടും കടുത്ത വിമർശകർക്ക് പോലും അദ്ദേഹത്തിൻെറ ജീവിതത്തിൽ തെറ്റ് കണ്ടുപിടിക്കാനായില്ല എങ്കിൽ അതിനർഥം തീർച്ചയായും അദ്ദേഹം സത്യാത്മാവ് തന്നെയാണ് എന്നല്ലേ?

മുഹമ്മദ് നബി (ﷺ) മുഖാന്തരം പരമകാരുണികനും അനന്തദയാലുവുമായ ദൈവം- അല്ലാഹു- ഭൂമിയിലെ സകല ജനതകൾക്കുമായി തന്ന അവസാനത്തെ ദൈവിക ഗ്രന്ഥമാണ് പരിശുദ്ധ ഖുർആൻ. മോശയും യേശുവും മറ്റു പ്രവാചകന്മാരും വഴി ദൈവം മനുഷ്യന് നൽകിയ നിയമങ്ങളുടെ പൂർത്തീകരണമാണ്, സ്ഥിരീകരണമാണ് പരിശുദ്ധ ഖുർആൻ. യഹൂദർ മോശവരെയുള്ള പ്രവാചകന്മാരിൽ വിശ്വസിച്ചു. ക്രൈസ്തവർ സ്നാപക യോഹന്നാനെവരെ പ്രവാചകനായി അംഗീകരിച്ചു. അതിനുശേഷമുള്ള പ്രവാചകനായ യേശുവിന് ദൈവത്തിൻെറ പുത്രൻ എന്ന വ്യാജസ്ഥാനം നൽകുകയും അദ്ദേഹത്തിൻെറ പ്രബോധനങ്ങളെയും പ്രവചനങ്ങളെയും തമസ്കരിക്കുകയും ചെയ്യുകവഴി അപമാനിക്കുകയും ചെയ്തു. എല്ലാ നിയമവും പാലിക്കാൻ കഴിയാത്തവൻ ഒരു നിയമവും പാലിക്കേണ്ടായെന്ന് പഠിപ്പിച്ച സാവൂൾ എന്ന പൗലോസിൻെറ വഴി പിന്തുടരുന്നവരായി. ലോകത്തൊരാൾക്കും തൃപ്തികരമായി വിശദീകരിക്കുവാനോ മനസ്സിലാക്കുവാനോ കഴിയാത്ത പരിശുദ്ധ ത്രിത്വം എന്ന വിചിത്രമായ ദൈവസങ്കൽപം കൊണ്ടുവന്നു. ഏകദൈവത്തെ മാത്രം ആരാധിക്കുകയും അവൻെറ പ്രീതിക്കായി മാത്രം ജീവിക്കുവാൻ പഠിപ്പിക്കുകയും ചെയ്ത യേശുവിനെ തള്ളിപ്പറഞ്ഞു. സകല പ്രവാചകരെയും നിയമങ്ങളെയും സാധൂകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നവനായി ദൈവം -അല്ലാഹു- നിയോഗിച്ച അന്ത്യപ്രവാചകനായ മുഹമ്മദ് നബി (ﷺ)യെ തള്ളിപ്പറഞ്ഞു. അത് അവർക്ക് അറിയാത്തതിനാലായിരുന്നില്ല. പിന്നെയോ അവരുടെ ഹൃദയകാഠിന്യം നിമിത്തമായിരുന്നു. യേശു പ്രവചിച്ച സഹായകനായ സത്യാത്മാവ്, തീനാവുകളായും പ്രാവിൻെറ രൂപത്തിലും വന്നുവെന്ന് ക്രൈസ്തവസഭ പഠിപ്പിക്കുന്ന പരിശുദ്ധാത്മാവല്ല; യേശു പ്രവചിച്ചതുപോലെ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചുമുള്ള സകല സത്യത്തിലേക്കും ലോകത്തെ നയിച്ച അന്ത്യപ്രവാചകനായ മുഹമ്മദ് നബി (ﷺ)

**(ശേഷം പേജ് 50 ൽ)**